

KERALA SOCIETY OF OPHTHALMIC SURGEONS

സ്പന്ദനം

സർഗ്ഗ ചേതനയുടെ മിടിപ്പുകൾ

VOL - 2 | ISSUE - 1 | AUGUST 2021

Editorial Board

EDITOR



Dr. Lathika V.K.

ASSOCIATE EDITORS:



Dr. Biju John
(South Zone)



Dr. Natasha Radhakrishnan
(Mid Zone)



Dr. Sangeetha Rajagopal
(North Zone)

ART & DESIGN



Dr. Shaji Ankan



Dr. Srikanth R

PHOTOGRAPHY



Dr. Manoj Venugopal

മധുരം മലയാളം

1. അജ്ഞേയില്ലാത്ത ഓണം (കവിത) - 08
Dr R. R Varma
2. പട്ടുശ്വെടുപ്പുകളും വഴിക്കൾ (ലേഖനം) - 09
Dr Lathika Rajesh
3. മുഖംമൂടി (കവിത) - 11
Dr Biju John.C
4. അമ്മമ്മ കഥകൾ : കൊട്ടാരം ചിരി (ഓർമ്മക്കുറിപ്പ്) - 12
Dr Gargi Sathish
5. ലേഖനം (കവിത) - 14
Dr Sabitha.S
6. പെൺ (പെൺ) ഫ്രണ്ടിനൊരു മൈന (ഓർമ്മക്കുറിപ്പ്) - 15
Dr R. R Varma
7. നിദ്ര (കവിത) - 17
Dr Kavya Ravindran
8. പൈനാപ്പിൾ ആപ്പ് സൈഡ് ഡൌൺ (കഥ) - 18
Dr Biju John.C
9. തണൽ (കവിത) - 24
Dr Naeza Ashraf
10. കണ്ണിനി (ലേഖനം) - 25
Dr Sangeetha Rajagopal
11. ഒരു ഹൊർപിസ് സോസ്റ്റർ ചീരഗാഥ (കവിത) -27
Dr Devi Karthya
12. ഒരു സുന്ദരിയുടെ കഥ (ചെറുകഥ) 29
Dr. Jayasree I
13. വർണ്ണമയൂരം (കവിത) - 30
Dr Lekshmi.G
14. ഉണ്ണിക്കുട്ടന്റെ മുത്തച്ഛൻ (കഥ) - 31
Dr Sreekanth Ramachandran

English Garden

1. 1983 (Memoir) - 35
Dr Vinodkumar Nalapat
2. Fundus Oculi: A bird's eye view (Poem) - 37
Dr S.R.Krishnamoorthy
3. One more time (Memoir) - 39
Dr Natasha Radhakrishnan
4. The puppets (Poem) - 44
Dr Shaji Ankan
5. Take care,Don't scare! (Article) - 45
Dr Thomas George
6. The Half Bitten Apple (Poem) - 48
Dr Sangeetha Rajagopal
7. Of Romanticism and filmy ideas (Satire) -49
Dr. K. Preetha
8. The Hunch back (Poem) - 52
Dr Mini Mathew
9. A 'Frozen' Memory (Memoir) - 53
Dr Thomas Arun Varghese
10. Door to heaven (Poem) - 55
Dr Deepa. M. G
11. Winter trip (Travelogue) - 56
Dr Mini Nair
12. Once upon a time (Poem) - 58
Dr Lakshmi. C
13. Jack of all fruits (Story) - 59
Dr Mini Mathew
14. Rewind, Replay (Poem) - 60
Dr Sugandha Sinha
15. In The Grand Scheme of Things (Memoir) - 61
Dr Rose Mary Tomy
16. The Green Star(Poem) - 63
Dr Jainy Sojan

Photostories

1. നീർക്കുമിളയിലൂടെ.. - 65
(Macrophotography)
Dr Mini Sajith
2. ഉത്സവം - 68
Dr Manoj Venugopal

ചിത്രസൗധം

1. Two faces (water colour) - 71
Dr Sreekanth Ramachandran
2. Tropical beach (Acrylic on canvas) - 72
Dr Dhanya Sukumaran
3. ശിവകുടുംബം (Thanjavur painting) - 73
Dr. Poornima.R. Pai
4. Nature Untouched - 74
(Landscape painting :Oil on canvas)
Dr Juni Menon
5. The Divine Swan - 75
(Acrylic on canvas)
Dr Remya Sreekanth
6. The cascade with in (Acrylic on canvas) - 76
Dr Raheeba Pakeer
7. The Greater Horn Bill (Oil Painting) - 77
Dr Ruby.R.K
8. Inner strength (Acrylic on paper) - 78
Dr Vaisna Gopi
9. Golden Shower - 79
(Acrylic on canvas)
Dr Dhanya Sukumaran
10. Kathakali (Acrylic on canvas) - 80
Dr Divya M Nair
11. The Eternal Message -81
(Kola Podi/Rangoli powder on Black Granite)
Dr Indira.V
12. Jest a minute (Cartoons) - 82
By:Dr R. R Varma & Dr Shaji Ankan

President's message



സഹൃദയരേ,

കണ്ണുകളിലേക്ക് ഉറ്റുനോക്കുമ്പോൾ കണ്ണുകൾക്കുള്ളിൽ നിന്നപ്പുറത്തേക്ക് മനസ്സുകൂടി കാണാനുള്ള വൈദഗ്ദ്യം ഈ ഡോക്ടർമാർക്കുണ്ടോ എന്ന നേരിയ ഭയത്തെ വെളിപ്പെടുത്തിക്കൊണ്ടായിരുന്നു പ്രശസ്ത എഴുത്തുകാരൻ ശ്രീ സന്തോഷ് കുമാർ 'സ്പന്ദന'ത്തിന്റെ പ്രകാശന പ്രസംഗം ആരംഭിച്ചത്. തുടർന്ന് രചനകളിൽ പ്രതിഫലിച്ച ഉൾക്കാഴ്ചയെ അറിയുന്ന വൈദഗ്ദ്യത്തേയും, സമകാലീന കാഴ്ചകളുടെ അവബോധത്തെയും, ശാസ്ത്രീയ സമീപന നിഷ്കർഷയെപ്പറ്റിയും, കൃതികളുടെ വൈവിദ്ധ്യക്കുറിച്ചും പ്രകീർത്തിച്ചത് നമുക്ക് ഏറെ അഭിമാനവും ആഹ്ലാദവും നൽകി. എന്നിട്ടദ്ദേഹം കണ്ണുകളിലൂടെ മനസ്സിലേക്കുകൂടി കാണാനുള്ള കഴിവിനെക്കുറിച്ച് സംശയിച്ചത് സത്യമാണെന്നുകൂടി 'സ്പന്ദനം' ആസ്വാദനാവസാനം കണ്ടെത്തുന്നുണ്ട്. എല്ലാ രചനകളും വായിക്കാനും അഭിനന്ദനീയമായി പ്രത്യേകം സംസാരിച്ചതും നമുക്കൊക്കെ നിർവൃതിദായകമാകുന്നു. ഏറെക്കുറെ ഇതിനോട് സാമ്യവും പ്രോത്സാഹനജനകവുമായിരുന്നു സുഹൃത്തുക്കളും ഉത്കർഷേച്ഛുക്കളുമായ നിങ്ങളുടെയും അഭിനന്ദനങ്ങൾ എന്നത് വീണ്ടും 'സ്പന്ദന'വുമായി നിങ്ങൾക്കിടയിലേക്ക് എത്തുവാൻ ഉൾക്കരുത്തായി നിറയുന്നു.

അലഞ്ഞു നടക്കുന്ന വാക്കുകളെ, വർണങ്ങളെ, വിവിധ കാഴ്ചാഗൃഹങ്ങളിൽ സന്നിവേശിപ്പിച്ച് നിങ്ങൾക്കായി സമർപ്പിക്കുന്നു – ഒരു പിടി സൗഗന്ധികപ്പൂക്കൾ കൊണ്ടുവന്ന ആ പുരാതന യോദ്ധാവിന്റെ ചാരിതാർഥ്യത്തോടെ. സ്വീകരിക്കുക. അനുഗ്രഹിക്കുക.

നമ്മളിൽ കലയുടെ സ്പന്ദനമുള്ളവരെ വെളിച്ചത്തിലേക്കു നീക്കിനിർത്തുക എന്ന ദൂതുമായി കെ. എസ്. ഒ. എസ്. ആദ്യമായി ഡോ. ലതികയേയും കൂട്ടുകാരെയും നിയോഗിച്ചപ്പോൾ അവർ സൃഷ്ടിച്ച വസന്തം പ്രതീക്ഷകൾക്കും ഉപരിയായിരുന്നു. നന്ദി...

ഡോ. ബാബു കൃഷ്ണകുമാർ
കെ.എസ്.ഒ.എസ്.അധ്യക്ഷൻ

Editor's note



Dear friends,

The second issue of Spandanam reaches you riding on the colourful, festive wings of Onam. The vibrance, beauty, nostalgia and warmth of the season naturally find resonance in these pages too. Team Spandanam thanks each one of you for having received the first issue so enthusiastically. Infact, it is a matter of pride for us that our inbox had started ticking even before the call for submissions was sent out. Your immense encouragement has been our inspiration to come out with an even richer, bigger and better edition this time. As editor, I have been blessed with an immensely talented editorial team backing me right from the inception of this new step by KSOS But this time I feel doubly fortunate to have received the strong support of not only my team mates, but of our entire KSOS family. So many have contributed spontaneously , contacted freely and enriched these pages with their splendid works. Personally this journey has brought me face to face with some amazing, unknown talents in our fraternity, both young and not so young . I consider it a privilege to have had the opportunity to spread out a creative canvas for these gems to be displayed so that they are read, seen, appreciated and recognised atleast by our members. It is a matter of great happiness that Spandanam, has indeed become the creative pulse of KSOS.

Team Spandanam wishes you all a most joyous Onam filled with love and laughter. Hope you all enjoy this Onasammaanam from KSOS.

Warm regards

Dr Lathika. V. K
Editor, KSOS Spandanam



സ്വരമനോ
സർഗ്ഗ ചേതനയുടെ മിടിപ്പുകൾ

അമ്മയില്ലാത്ത ഓണം



Dr R. R Varma
Senior Consultant
Ophthalmologist,
Port Trust Hospital and
Krishna Hospital, Kochi.

ഇന്നലെ തുമ്പക്കുടമിറുക്കാൻ പറമ്പിന്റെ
പിന്നിലെ തീണ്ടിൻ വക്കിൽ ചെന്നെത്തി വൈകുന്നേരം.
കാടുപോൽ വളരുന്നു തുമ്പയും, ചെട്ടിച്ചിയും,
വേലിയിൽ പടരുന്ന പേരില്ലാച്ചെടികളും.
കാരണമില്ലാതേതോ സങ്കടം നിറഞ്ഞിട്ടു
വിങ്ങി നിൽക്കുന്നു വൈകുന്നേരത്തെ ചാരാകാശം

തുമ്പതൻ തല നുള്ളാനെന്റെ കയ്യൊരുങ്ങവേ,
കേട്ടു ഞാൻ മന്ദ്രസ്വരം മന്ത്രിപ്പതന്നീ വിധം
'പോകട്ടെയമ്മേ,യിനി കാണില്ലാ നമ്മൾ തമ്മി;
ലിത്രയും കാലം മാത്രമൊന്നിച്ചു വാഴാൻ യോഗം'.
ചൊല്ലിയതാരോ? ചാരനിറത്തിൽ മേഘങ്ങളാൽ
വിങ്ങിടുമാകാശമോ? കാറ്റതോ? തുമ്പപ്പൂവോ?
അനങ്ങാനാവാതങ്ങു നിന്നു ഞാൻ; നാളെ പാവം,
തുമ്പപ്പൂ കരയുമെൻ മുറ്റത്തമ്മയെ കാണാൻ
ആ കൊച്ചു പൂവിൻ കണ്ണീർ വീഴ്ത്തിയിട്ടെനിക്കെന്തി–
നോണവും ഓലക്കുട ചൂടുന്ന മാവേലിയും

വേണ്ടെനിക്കിനി തുമ്പക്കുടവും, മാതേവരും,
പൂക്കളം നെഗളിക്കുമോണത്തിൻ ഘോഷങ്ങളും.




പുഴയൊഴുകും വഴികൾ

(പെരിയാറിനു നടുവിൽ ഒരു ഓണക്കാല വാരാന്ത്യം.)




Dr Lathika Rajesh
Professor
Amala Institute of Medical Sciences,Thrissur


തിരക്കുകളിൽ നിന്നൊരു വിടുതൽ. അത്രയേ നിനച്ചുള്ളു ഞങ്ങൾ.എന്നാൽ ഓണത്തിന് തറവാട്ടിൽ വിരുന്നെത്തിയ മക്കളെ എന്നോണമാണ് പെരിയാറിന് നടുവിൽ, പനേലി പോര് എന്ന സ്ഥലത്തെ 'The Quiet' ഞങ്ങളെ വരവേറ്റത്. ഒന്നോർത്താൽ ഗഹനവനാന്തരങ്ങൾ കാവലായ നദീതടങ്ങളുടെ മടിത്തട്ടിൽ, മേഘമാലകൾ മാറിമറിയുന്ന നീലാകാശ കുടക്കീഴിൽ തന്നെയല്ലേ മാനവ സംസ്കാരങ്ങൾ പിച്ചവെച്ചു വളർന്നത്? അതെ.. ഒരു നാളെങ്കിലൊരുനാൾ വേരുകളിലേക്കുള്ള മടക്കം തന്നെയായിരുന്നോ ഞങ്ങൾക്കും ആ യാത്ര?




പിറ്റേന്ന്, പുലരിത്തുവെട്ടം തൊട്ടുണർത്തിയപ്പോൾ കണ്ടു,പുഴ ഞങ്ങൾക്കായി കരുതി വെച്ചിരിക്കുന്നു, അലഞ്ഞൊറികൾക്കിടയിൽ ചുവന്നുതുടുത്തൊരു കുഞ്ഞു സൂര്യനെ! പണ്ട് അമ്മ എനിക്കായി ചെപ്പിനുള്ളിൽ കാത്തുവെക്കാറുള്ള നാരങ്ങോമിഠായി എന്നോണം അത് തിളങ്ങിക്കിടന്നു. വെയിൽ കനത്തപ്പോൾ,മധുരമാ ഓർമ പോലെ സൂര്യനും മെല്ലെ ഉരുകി,ശോണവർണമായി പടർന്നു പുഴയിലും മാനത്തും. പുലരി വിടർന്നു, ദിനമലരിയായി. ഞങ്ങളുടെ കോട്ടേജ് ചുറ്റിയൊഴുകുന്ന പുഴ ധൃതിയിൽ കുതിച്ചു പോകുന്നതെന്തിനാകാം? ഓണത്തിന് ഒത്തുകൂടുന്ന കളിക്കൂട്ടുകാരുടെ മേളം പോലെ കാതിൽ നിറയുന്നു കുഞ്ഞോളങ്ങളുടെ തീരാ കലമ്പലുകൾ, പൊട്ടിച്ചിരികൾ, പരിഭവങ്ങൾ...



നദിക്കരയിലൂടെ തെല്ലു നടന്നപ്പോളേക്കും കണ്ടു പുഴ പരിണമിച്ചിരിക്കുന്നു തീർത്തും മറ്റൊരാളായി; പാറക്കെട്ടുകൾക്കിടയിൽ ഒരു കണ്ണാടി പോലെ തിളങ്ങി കിടക്കുന്നു തെളിനീർപൊയ്കയായി മാറിയ അവൾ. ഒരുചെറിയ വിശ്രമത്തിനു ശേഷം ചെറുകല്ലുകളിൽ തട്ടി ചിതറി പൊയ്ക വീണ്ടും സ്വതന്ത്രമായി കുതറി ഒഴുകുകയായി. അവൾ വെള്ളിക്കൊലുസു കിലുക്കി ഒരു കാട്ടാറായി മാറി ഞങ്ങളോടൊപ്പം കളിച്ചപ്പോൾ, കുഞ്ഞോളങ്ങളും ചെറുചുഴികളുമായി വന്നു കാലിൽ ഇക്കിളിയിട്ടപ്പോൾ, നിറഞ്ഞു നുരഞ്ഞു പതഞ്ഞൊഴുകിയതു നദിയോ ജീവ മധുപാത്രമോ?



ഞങ്ങളുടെ കൊച്ചു കുടുംബത്തെ അരുമയായി നെഞ്ചിലേറ്റിയ പുഴ പ്രകൃതിയും മനുഷ്യനും ഇടയിലുള്ള അതിർവരമ്പുകൾ എത്ര അയത്നലളിതമായി മാച്ചുകളഞ്ഞു!



വെയിൽ ചായുന്ന നേരമായി; നിഴലുകൾ നീളുകയായി; ഞങ്ങളും വിമുകരായി. ആ മൗനം തൊട്ടറിഞ്ഞോ എന്തോ പുഴ കുഞ്ഞോളങ്ങളെ പോലും നിശബ്ദരായി അടക്കി നിറുത്തി. കാനന ഹരിതാഭ ഏറ്റു വാങ്ങിയ ജലപ്പരപ്പിലൂടെ ഞങ്ങളുടെ ചെറുചങ്ങാടം തെന്നിയൊഴുകി. ഇളം തെന്നലിൽ താമരയില എന്നപോലെ അങ്ങനെ കിടന്നപ്പോൾ അനാദിയായ ജീവകണികയുടെ ലാഘവം ഉള്ളിൽ നിറയുകയായി.. ഞാനും ഞങ്ങളും സമസ്ത ലോകവും മുളംകൂട്ടത്തിനിടയിലൂടെത്തിനോക്കിയ ഒരു കീറാകാശത്തിലേക്കൊതുങ്ങുകയായി. പ്രശാന്തിയെന്തെന്നറിഞ്ഞ അനർഘ നിമിഷം!

സന്ധ്യമയങ്ങി. നക്ഷത്രക്കുഞ്ഞുങ്ങളുമായി രാത്രി കടന്നു വന്നു. ഇരുളിന്റെ മറ പറ്റി ചെറുവഞ്ചികളിൽ മീൻ പിടിക്കാനിറങ്ങി ഞങ്ങൾ. കട്ടപിടിച്ച ഇരുട്ടിലേക്ക് തോണിയിറക്കിയപ്പോൾ ചെറുതരി വെട്ടങ്ങളുമായി മിന്നാമിന്നിക്കൂട്ടങ്ങളെ അയച്ചത് നദി തന്നെയാകുമോ? പുഴയുടെ ആഴങ്ങളിലേക്ക് ടോർച്ചു തെളിച്ചു ഞങ്ങളുടെ കൂട്ടാളികൾ പരതി മത്സ്യക്കണ്ണുകളുടെ തിളക്കവും നടുക്കവും. മണിക്കൂറുകൾ കടന്നു പോയി. ഒടുവിൽ ഒന്നിനെ പോലും കിട്ടാതെ ഞങ്ങൾ മടങ്ങി. എങ്കിലും നിശയുടെ നീലിമ ചാലിച്ചെഴുതിയ നദിയുടെ നിഗൂഢവിസ്മയങ്ങളിലേക്കു ഒരു ഒളിനോട്ടമെങ്കിലും സാധിച്ചുവല്ലോ!

അന്ന് രാത്രി നിദ്ര കൺപീലികൾ മെല്ലെ തലോടുന്ന വേളയിൽ ജാലകക്കാഴ്ചയായി തെളിഞ്ഞു പുഴയുടെ മറ്റൊരു മുഖം. വെള്ളിക്കുറുനിരകൾ അലസം വിടർത്തി വിതറി, മണ്ണിന്റെ മാറിൽ, നിറ നിലാവിൽ ശയിക്കുന്ന അതി മനോഹരി, അവൾ നിറഞ്ഞു നിദ്രയിലും നിനവിലും..

മനസ്സ് മന്ത്രിച്ചു നാളെ ഞങ്ങൾ മടങ്ങുകയാണ്. ജീവിതചതുപ്പിലേക്കു തന്നെ... യാത്രാമൊഴി പറയുന്നില്ല. എന്തെന്നാൽ കൊണ്ടുപോകാതെ വയ്യ നിന്നെയും ഞങ്ങളോടൊപ്പം.



ഇന്നലെകളിൽ നിന്ന് ആ പുഴ ഒഴുകുകയാണ്, എന്നോടൊപ്പം. തളരുമ്പോൾ തഴുകുമൊരു തെളിനീരോർമയായി; എന്നെന്നും ഉള്ളിലൊരു തീർത്ഥ കണമായി!

ചിത്രങ്ങൾ :ഡോ രാജേഷ് ഗോവിന്ദൻ, വർഷ രാജേഷ്



Dr Biju John.C
Additional Professor
RIO, Trivandrum

മുഖം മൂടി
(The Mask)

(മുഖങ്ങളുടെ മേൽ ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞ കോവിഡ് മാസ്കും, ആ മാസ്കിനാൽ മറയ്ക്കപ്പെടുന്ന മുഖവും, മനസ്സും തമ്മിലുള്ള ഒരു സംവാദം)

മുഖം :

മനസ്സിന്റെ കണ്ണാടിയാണ് ഞാൻ
മനുഷ്യന്റെ അഭിമാനമാണ് ഞാൻ
അശുവാം, അംശുകഖണ്ഡമേ ചൊല്ല്
ആരു നീ എന്റെ മേൽ അടയിരിക്കാൻ
ആരു നീയെൻ വെളിച്ചം കെടുത്താൻ

മാസ്ക് :

ഹേ ഗർവിഷ്ഠ വദനമേ നിൻ
വന്വിൻ ദിനങ്ങൾ കഴിഞ്ഞു പോയി
നിൻ ചലനങ്ങൾക്കു കടിഞ്ഞാണിടാൻ
നിൻ വ്യർത്ഥ കാന്തിക്കു മറയിടാൻ
നിയതി ചമച്ചതാണെന്നെയിന്നിങ്ങനെ



മുഖം :

സൂര്യ തേജസ്സിനു മറയിടാൻ മാത്രം
സോമ ബിംബം വളർന്നു വെന്നോ
കേവലമൊരു വസന ശകലം നീ
വദന സൂര്യനു വരുഥം തീർക്കുന്നോ.
ഹേ നിഷ്കിയ മനസ്സേ നിദ്ര വെടിയൂ
നിൻ ദർപ്പണത്തിനായി പ്രതികരിക്കൂ

മനസ്സ് :

ദർപ്പണമായിരുന്നോ പ്രിയ തോഴാ നീ
സത്യമായിരുന്നോ ഭവദ്ഭാവാന്തരങ്ങൾ
ദർശിച്ചതില്ലെൻ ഹൃദയ വിചാരങ്ങൾ
അല്പവും നിൻ പ്രതലത്തിലൊരിക്കലും
എൻ രാഗ ദുഃഖ ദ്വേഷങ്ങളിന്നേലൊരു

നിർവ്വികാര മുഖാവരണം തീർത്തു നീ
ഹൃദയമുരുകി ഞാൻ തേങ്ങിടുമ്പോഴും
കണ്ണു നിറയ്ക്കാതെ നിന്നു നീ നിശ്ചലം
കലിമഷമെന്നുള്ളിൽ നുരയ്ക്കുമ്പോഴും
പുഞ്ചിരി മേലാപ്പു പുതച്ചു നീ നിന്നു
ദർപ്പണമായിരുന്നില്ല സുഹൃത്തേ നീ
വെറുമൊരു പൊയ്മുഖമത്രമാത്രം
കപടവികാരങ്ങൾ നർത്തനം ചെയ്യും
കമനീയ കലാമയ രംഗവേദി
നിൻ നാട്യങ്ങൾക്കിന്നിതാ തിരശ്ശീലയായി
നിൻ രംഗപീഠമിനി വെറും അണിയറ മാത്രം

മാസ്ക് :

കാലമേറെയായില്ലേയീ കാലയാപനം
ക്ഷീണിതരാണു നിൻ പേശികൾ മുഖമേ
ക്ഷണനേരമൊന്നു നീ വിശ്രമിച്ചോളൂ
ക്ഷണനം ചെയ്യൂ നിൻ കപട ഭാവങ്ങളെ
സങ്കോചമെന്യേ നീ പ്രതിഫലിപ്പിക്കൂ
നിൻ തോഴനാം മനസ്സിനെ മടിക്കാതെ
കപടമീ ലോകത്തിൽ നിന്നുമാ മൃദുല
സ്നിഗ്ദ്ധ ഭാവങ്ങളെ ഞാൻ മറച്ചിടാം.




അമ്മമ്മ കഥകൾ
കൊട്ടും ചിരി

Dr Gargi Sathish
Associate Professor
Govt.Medical College,
Kottayam

മെയ് മാസത്തിലെ ഒരു നട്ടുച്ച. അമ്മമ്മയുടെ ചെമ്പുക്കാവിലെ വീട്ടിൽ ഞങ്ങൾ അനവധി പേർ ഒത്തുകൂടി. രാമപുരത്തെ പഴയ നാലുകെട്ട് ആയിരുന്നെങ്കിൽ പടിഞ്ഞാറ്റിയിലും തെക്കിനിയിലും ഒക്കെ പായവിരിച്ച് കഥകൾ പറഞ്ഞ് അങ്ങിനെ എല്ലാവരും കൂടി കിടക്കാമായിരുന്നു. തൃശ്ശൂരിലെ ഈ കൊച്ചു ടെറസ് വീട്ടിൽ എല്ലാത്തിനും ഒരു പരിമിതി ഉണ്ടല്ലോ. എങ്കിലും, മത്സരിച്ചു മാങ്ങാ കൂട്ടാനും ഇടിച്ചക്ക തോരനും കൂട്ടി നിറച്ച് ഉണ്ടതിന്റെ ക്ഷീണത്തിൽ കിട്ടിയ സ്ഥലങ്ങളിലൊക്കെ പായവിരിച്ച് എല്ലാവരും ഒന്നു നടുനിവർത്തി. പലയിടത്തുനിന്നും പതിഞ്ഞ സ്വരത്തിൽ ജീവിതകഥകൾ പങ്കിടുന്ന മർമ്മരങ്ങൾ കേട്ടുതുടങ്ങി.

എൺപത്തിനാലാം വയസ്സിലും എല്ലാ ഉത്തരവാദിത്വങ്ങളും തനിയേതാണെന്ന് കരുതുന്ന അമ്മമ്മയും ഒന്നു കിടക്കാൻ തന്നെ തീരുമാനിച്ചു. ഊണ് കേമമായി. എല്ലാവർക്കും ഇഷ്ടവിഭവങ്ങൾ കൂട്ടി യുള്ള ഊണും മതിവരുവോളം പിഴിഞ്ഞു കൂട്ടാൻ നാടൻ മാങ്ങയും കൊടുക്കാനായി. അമ്മമ്മയ്ക്ക് സമാധാനമായി. മക്കളും കൊച്ചുമക്കളും അവരുടെ മക്കളും അങ്ങനെ ഒരു വൻ പട തന്നെയുണ്ട് അമ്മമ്മയ്ക്ക് സന്തോഷിപ്പിക്കാൻ. ഇന്ത്യൻ രാഷ്ട്രീയവും അന്താരാഷ്ട്ര പ്രശ്നങ്ങളും മുതൽ അടുത്ത വീട്ടിലെ പ്രശ്നങ്ങളും കുട്ടികളുടെ കുസൃതികളും വരെ ഉച്ചയ്ക്ക് ആ വീടിനുള്ളിൽ ചർച്ചചെയ്യപ്പെട്ടു. വിവാഹാലോചനകളും ജോലി സാധ്യതകളും ഒക്കെ ഉരിത്തിരിഞ്ഞു വന്നു ആ ചർച്ചകളിൽ. അമ്മമ്മയ്ക്ക് ഏറ്റവും സമാധാനമുള്ള സമയമാണിത്. എല്ലാവരെയും ഒരുമിപ്പിച്ച്, അവർ കൂട്ടുകൂടി സന്തോഷങ്ങളും സങ്കടങ്ങളും സന്ദേഹങ്ങളും പങ്കിടുമ്പോൾ അമ്മമ്മ വിശ്രമിക്കും.

അര മണിക്കൂർ കഴിഞ്ഞപ്പോഴേക്കും അതാവരുന്നു കുട്ടിപ്പട്ടാളം. അമ്മമാരുടെയും




മുത്തശ്ശിമാരുടെയും കിടപ്പ് കണ്ടിട്ട് സഹിക്കുന്നില്ലേ ആവോ! 'ഞങ്ങൾക്ക് ബോറടിക്കുന്നു .ടിവി വെക്കാൻ അമ്മാവന്മാർ സമ്മതിക്കുന്നില്ല. ക്രിക്കറ്റ് കളിക്കാൻ സ്ഥലവുമില്ല'. ഭാഗ്യം, അന്ന് മൊബൈൽ ഫോണും വൈഫൈ യും പ്രചാരം ആർജ്ജിച്ചു വരുന്നതേയുള്ളൂ. ശ്ശോ! ഇനി ഇവരുടെ ബോറടി മാറ്റാൻ എന്താ ചെയ്യുക എന്ന് എല്ലാവരും കൂടി ആലോചന തുടങ്ങി .ഉറങ്ങാൻ പറഞ്ഞാലോ? കുറച്ചുനേരം സമാധാനം കിട്ടുമല്ലോ .പക്ഷേ ഒരുമിച്ചു കൂട്ടംചേർന്ന് കളിക്കാൻ വെമ്പുന്ന കുട്ടികളെ ഉറക്കുന്നത് കഷ്ടമല്ലേ, അസാധ്യവും?.


പെട്ടെന്ന് അമ്മമ്മ ചാടിയെണീറ്റു. 'ഞാനൊരു കൊട്ടും ചിരി നേർന്നിരുന്നു, എന്റെ പെട്ടിയുടെ താക്കോൽ കാണാതായപ്പോൾ .താക്കോൽ കിട്ടിയിട്ട് കുറച്ചു ദിവസമായി.അതങ്ങ് നടത്തിയാലോ കുട്ടികളെ? കൊട്ടും ചിരിയോ?"കുട്ടികൾ കേട്ടിട്ടുപോലുമില്ല. 'അതെ. സാധനങ്ങൾ കാണാതാകുമ്പോൾ കിട്ടാൻ വേണ്ടി നേരുന്ന ഒരു വഴിപാടാണ് കൊട്ടും ചിരി. അമ്മമ്മയുടെ വിസ്തരിക്കൽ . 'വരൂ, നമുക്ക് അതിനു തയ്യാറെടുക്കാം. '

കുട്ടികൾ ഉത്സാഹത്തോടെ അമ്മമ്മയുടെ പുറകെ കൂടി. ഉമ്മറത്ത്, 'മൂന്നും കൂട്ടി മുറുക്കാൻ വെച്ച ചുണ്ണാമ്പും സ്വല്പം മഞ്ഞൾപ്പൊടിയും ഒക്കെ ഒരു വലിയ കലത്തിൽ വെള്ളം നിറച്ച് അതിൽ കലക്കി. ചുവന്ന നിറമുള്ള വെള്ളം ഉണ്ടായത് കണ്ടപ്പോൾ കുട്ടികൾക്ക് അത്ഭുതം. അതിന്റെ രസതന്ത്രം അമ്മമ്മ വിവരിച്ചത് വേറെ കഥയായി പറയാം!

കലവും പേറി കുട്ടിസംഘം അമ്മമ്മയ്ക്കൊപ്പം പുറത്ത് കാർ ഷെഡിലേക്ക് ഇറങ്ങി. കാണാതെ പോയി തിരിച്ചു കിട്ടിയ താക്കോൽ (ആ കാണാതാകലിന്റെ സത്യാവസ്ഥയെ പറ്റി ചിന്തിച്ച് മൂതിർന്നവർ ചിരിയടക്കി!..) ഒരു തളികയിൽ നടുക്ക് വെച്ചു. അടുത്തുതന്നെ ചുവന്ന വെള്ളമുള്ള കലവും. പിന്നെ മേമ്പൊടിയായി ഒരു വിളക്കും കത്തിച്ചു വച്ചു. അപ്പോൾ 'അമ്പോറ്റി വേണ്ടേ ?' എന്ന് അമ്മുക്കുട്ടി കൊഞ്ചി ചോദിച്ചപ്പോൾ അമ്മമ്മ ഒട്ടും മടിച്ചില്ല . 'വേണമല്ലോ ' എന്നും പറഞ്ഞ് ഒരു കുഞ്ഞു ഉണ്ണികണ്ണനെ ഉടനടി പൂജാമുറിയിൽ നിന്നെടുത്തു കൊണ്ടുവന്നു പ്രതിഷ്ഠിച്ചു. 'ഇനി എല്ലാവരും ചുറ്റും വലം വെച്ചു നിൽക്കൂ 'അമ്മമ്മ പറഞ്ഞതും കുട്ടികളും അവരുടെ അമ്മമാരും മുത്തശ്ശിമാരും ഒക്കെ ചുറ്റിനും നിന്നു' ഇനി എല്ലാവരും

കൈകൊട്ടി, ഉറക്കെ, താളത്തിൽ പറയൂ . ഹാ !ഹാ! പോയത് കിട്ടി. ഹാ! ഹാ! പോയത് കിട്ടി." കുട്ടികൾക്ക് ഉത്സാഹം കൂടി .ആ ഉത്സാഹം മുതിർന്നവരെയും കുട്ടികൾ ആക്കി. സ്ഥലകാലബോധം നഷ്ടപ്പെട്ടു കൂട്ടച്ചിരിയായി. 'ഹാ! ഹാ! പോയത് കിട്ടി! 'എന്ന നാദം ഒരശരീരി പോലെ എല്ലാ ദിക്കിലേക്കും ഒഴുകി. താളം മുറുകി മുറുകി വന്നു. താക്കോലിനു ചുറ്റും കൂട്ടയോട്ടം ആയി. വഴിപോക്കരും സ്വന്തം കാര്യം മറന്ന് മതിലിനപ്പുറം നിന്ന് ചിരി തുടങ്ങി. അവസാനം എല്ലാവരും തളർന്നു തുടങ്ങിയപ്പോൾ അമ്മമ്മ ഓട്ടം നിർത്തി. 'ഇനി കുരുതി ഒഴുക്കിക്കളയാം. ചുമന്നവെള്ളം മുക്കിക്കളയാൻ സ്റ്റീൽ കപ്പുകൾ എത്തി. അമ്മമ്മയും കുട്ടികളും കൂടി ആ വെള്ളം മുഴുവനും വളരെ ശ്രദ്ധയോടെ കാർഷെഡിന്റെ പലകോണുകളിലും ഒഴുക്കി. എല്ലാവർക്കും സന്തോഷമായി. 'ഇനി എന്താ ചെയ്യുക, വലിയ മ 'ഇനി ചായ കുടിക്കാം. എല്ലാവർക്കും ചക്ക പലഹാരം ഉണ്ട് ട്ടോ. എന്ന് അമ്മമ്മയും. അങ്ങനെ ആ ഉച്ച ഉത്സാഹം തരുന്ന ഒരോർമ്മയാക്കി അമ്മമ്മ. കൊച്ചുമക്കൾ ബോറടിക്കുന്നു എന്നുപറയുമ്പോൾ മൊബൈൽ ഫോണിൽ നിന്നും തലയുയർത്തി ചിന്താശക്തിയേയും ഭാവനയേയും ഉണർത്തി ഇങ്ങനെ പൊട്ടിച്ചിരിക്കാൻ ഉള്ള അവസരങ്ങൾ മെനഞ്ഞെടുക്കാൻ എനിക്ക് സാധിക്കുമോ ആവോ? അമ്മമ്മേ ..... ശക്തി തരണേ.







Dr Sabitha.S
Sabitha Eye Care Hospital
Pathanamthitta

യാത്ര

ജീവിതസായാഹ്ന പാതയിലൂടെ ഞാൻ
പാതിവഴിവരെച്ചെന്നു നിന്നീടുമ്പോൾ
ഏതോ സ്മരണതൻ നീർവഴിത്താരകൾ
ഓടി വന്നെന്റെ മനസ്സിൽ തഴുകവേ..

ബാല്യത്തിലെന്നോ മറന്നു വച്ചാർക്കുമന്നേവം–
കൊടുക്കാത്ത്.....വർണ്ണച്ചിറകിൽ.... ഞാൻ..
ഏറുന്നു ദൂരെ പറന്നിടാൻ വെമ്പവേ
ചാരത്തണഞ്ഞു നീയേകിയോരാനന്ദം

പൂർവ്വ ജന്മത്തിലോ പോയവഴിയിലോ
കാണുകയുണ്ടായോയെന്നറിയില്ലേലും
പൂർണ്ണതതേടുമി യാത്രയിൽ എപ്പോഴും
കൂടെ ചരിക്കുവാൻ കൂട്ടായി നില്ക്കു നീ

നേരം കളയുവാനില്ലെനിക്കെന്നാലും
ആരോ പതിയെ വിളിക്കുന്നു പിന്നിലായ്
ബോധമനസ്സിലുണ്ടൻ കിളിക്കുഞ്ഞ് തൻ
പാകതയെത്താത്തകുഞ്ഞിച്ചിറകുകൾ
ആകാശ വീഥിതൻ മാസ്മരക്കാഴ്ചകൾ
കാണുവാൻ പാകത്തിൽ ശക്തമാകും വരെ
ഞാനെന്റെ തീവ്രവും പിന്തിരിയാത്തോരാ
ജീവാഭിലാഷത്തെ മാറ്റിനിർത്തീടുന്നു...

ആത്മകഥയിൽ നിന്നൊരേട്

പെൻ (പെൺ) ഫ്രണ്ടിനൊരു മൈന



Dr R. R Varma
Senior Consultant
Ophthalmologist,
Port Trust Hospital and
Krishna Hospital, Kochi.

ആയിരത്തിതൊള്ളായിരത്തി
അറുപതുകളിലായിരുന്നു എന്റെ
കൌമാരം/സ്കൂൾ കാലം. പഠിയ്ക്കാനൊന്നും
ഇന്നത്തെ അത്രയും ഒന്നും ഇല്ല. വല്ലപ്പോഴും
സിനിമയും പബ്ലിക് ലൈബ്രറിയിലെ
പുസ്തകങ്ങളുമാണ് വിനോദോപാധികൾ.
എന്നുവച്ചാൽ ഒഴിവു് സമയം ധാരാളം
ഉണ്ടായിരുന്നു എന്നർത്ഥം. ആ കാലത്തെ
ഹോബികളിൽ പ്രധാനം നഗരപ്രദേശങ്ങളിൽ
സ്റ്റാമ്പ് ശേഖരണവും ഗ്രാമപ്രദേശങ്ങളിൽ
തീപ്പെട്ടിപ്പട ശേഖരണവും ആയിരുന്നു. ഞാനും
തുടങ്ങി സ്റ്റാമ്പ് ശേഖരണം. എന്റെ അച്ഛൻ
ജോലി ചെയ്തിരുന്ന സ്ഥാപനത്തിന്റെ
ആസ്ഥാനം വിദേശത്തായിരുന്നതിനാൽ ആ
വഴിയ്ക്ക് കിട്ടിയുരുന്ന സ്റ്റാമ്പുകൾ കൊണ്ട്
ഞാൻ ക്ലാസ്സിലെ സ്റ്റാറായി. അപ്പോൾ ദാ
വരുന്നു ഒരു എതിരാളി. വേണുവിന്റെ കയ്യിൽ
എന്റെ കയ്യിൽ ഉള്ളതിനേക്കാൾ വൈറ്റെറ്റി'
സ്റ്റാമ്പുകൾ. താമസിയാതെ അതിന്റെ രഹസ്യം
വെളിവായി വേണുവിന്റെ അച്ഛന് ഒരു
'തൂലികാസുഹൃത്തു്' ഉണ്ട്, അമേരിക്കയിൽ.
ആയാളാണത്രെ ഇതൊക്കെ അയച്ചു്
കൊടുക്കുന്നതു്.

വിടാൻ പറ്റുമോ? ഞാനും ഒരു തൂലികാ
സൗഹൃദം തുടങ്ങാൻ ശ്രമം തുടങ്ങി.
അതിനായി ചില മാസികകൾ ഉണ്ടായിരുന്നു
അതിൽ ഒന്നിൽ നിന്ന് എനിയ്ക്ക് ഒരു
തൂലികാചങ്ങാതിയെ കിട്ടി. ഇംഗ്ലണ്ടിലെ
സസെക്സിൽ നിന്നും എന്നേക്കാൾ ഇത്തിരി
മുത്ത (എനിയ്ക്കന്ന് പതിനൊന്നോ പന്ത്രണ്ടോ
വയസ്സു് കാണും) ഒരു ചേച്ചി. പേരു് ബാർബറ
മിഡൽഹഴ്സ്റ്റ്. സംഗതി പൊടി പൊടിച്ചു.
ആഴ്ച്ചയിൽ ഒരെഴുത്തെങ്കിലും അയയ്ക്കും.
ധാരാളം സ്റ്റാമ്പുകൾ കിട്ടും; ഞാനും
അയയ്ക്കും (ഇന്ത്യയിൽ മറ്റ്
പലരാജ്യങ്ങളിലേക്കാൾ നല്ലതും ഭംഗിയുള്ളതും
വൈവിദ്ധ്യമുള്ളതും ആയ സ്റ്റാമ്പുകൾ ഉണ്ട്).
പിന്നെ വീട്ടിലേയും സ്കൂളിലേയും
വിശേഷങ്ങൾ, കുടുംബ ഫോട്ടോകൾ അങ്ങിനെ
പലതും. ബ്രിട്ടനിലെ ജീവിതത്തെ പറ്റി എനിഡ്
ബ്ലിട്ടൺ തന്ന വിവരങ്ങൾ



എനിയ്ക്കുണ്ടായിരുന്നു.
എന്നാൽ ബാർബറയ്ക്ക്
നമ്മുടെ നാടിനെപ്പറ്റിയുള്ള
അജ്ഞത അതി
ഭീകരമായിരുന്നു.
താമസിയ്ക്കുന്നതിന്
അടുത്തെങ്ങാൻ കടുവകൾ
ഉണ്ടോ; ആനകൾ റോഡിൽ
കൂടി നടക്കാറുണ്ടോ; (ഞാൻ)
കിരീടം വയ്ക്കാറുണ്ടോ (ഞാൻ
കൊച്ചി രാജകുടുംബത്തിലെ അല്ലെ?)
തുടങ്ങിയ മട്ടിലായിരുന്നു ആ
ചേച്ചിയുടെ സംശയങ്ങൾ.

ആയിടയ്ക്കാണ് എന്റെ ഏറ്റവും ചെറിയ
അനുജൻ ജനിയ്ക്കുന്നതു്. വിവരം
അറിഞ്ഞപ്പോൾ ബാർബറ എനിക്കൊരു
പാർസൽ അയച്ചു തന്നു. ഒരു കുഞ്ഞ് സ്വെറ്ററും,
തൊപ്പിയും, ഒരു കിലുക്കിയും. നമ്മൾ
ഇന്ത്യക്കാർക്ക് മോശക്കാരാകാൻ പാടുണ്ടോ?
ഇംഗ്ലണ്ടിൽ എവിടെയും കിട്ടാത്ത ഒരു സാധനം

അവർക്ക് അയയ്ക്കണ്ടേ? ആലോചന തകൃതിയായി നടന്നു. അവസാനം ഒരു തീരുമാനമായി. അവർക്ക് ഒരു മൈനയെ അയയ്ക്കുക. സംഗതി കേട്ടപ്പോൾ തന്നെ അച്ഛനും അമ്മയും വീറ്റോ ചെയ്തു. പകരം അയയ്ക്കാൻ എനിയ്ക്ക് രണ്ടു ചെറിയ മര ആനകളെ വാങ്ങിത്തരികയും ചെയ്തു.

തീവ്രവാദവും ബോംബുകളും ആരുടെയും മനസ്സിൽ പൊലും ഇല്ലാതിരുന്ന ആ കാലത്ത് പോസ്റ്റ് ഓഫീസിൽ പോയി ആനയെ ഇംഗ്ലണ്ടിലേയ്ക്കയയ്ക്കാൻ പ്രശ്നമൊന്നും ഉണ്ടായില്ല. ഒരു സത്യവാങ്മൂലം എഴുതണം. അത്രമാത്രം. പാർസലിൽ ആനയാണെന്ന് വായിച്ച പോസ്റ്റോഫീസിലെ അമ്മാമൻ കൌണ്ടറിന്റെ അത്ര പൊക്കമില്ലാത്ത എന്നെ നോക്കിയ നോട്ടം ഇപ്പോഴും ഓർക്കുന്നു. ആന സസെക്സിൽ വലിയ വിജയമായി. എങ്കിലും ആ മൈന എന്റെ മനസ്സിനുള്ളിൽ ചിറകടിച്ചുകൊണ്ടിരുന്നു. ഇടയ്ക്കിടയ്ക്ക് ഞാൻ ആ വിഷയം എടുത്തിടും; ഉടനടി തള്ളപ്പെടും. അങ്ങിനെ കാലം കഴിഞ്ഞു. കൊല്ലം 1968 ആയി. ഞാൻ പത്താം ക്ലാസ്സ് ജയിച്ചു. എന്റെ പോക്ക് കണ്ടിട്ട് അവർ പ്രതീക്ഷിച്ചതിലും അധികം മാർക്കും, സ്കൂളിലെ ഒന്നാം സ്ഥാനവും, സ്കോളർഷിപ്പും ഒക്കെ കിട്ടിയതിനാൽ എന്റെ വില ഇത്തിരി കൂടി. ആ തക്കത്തിൽ ഞാൻ മൈനയുടെ പ്രശ്നം വീണ്ടും ഉയർത്തിക്കൊണ്ടു വന്നു. എതിർപ്പുണ്ടായെങ്കിലും എഴുത്ത് കുത്തുകളൊക്കെ ഞാൻ നോക്കിക്കോളാമെന്ന വ്യവസ്ഥയിൽ സംഗതി അർദ്ധസമ്മതം വരെ എത്തി. ഞാൻ 'കുരൻസ്, ഹിൽ പ്രൊഡ്യൂസ് മർച്ചന്റന്റ്സ്' എന്ന സ്ഥാപനത്തിൽ നിന്നും ഒരു മൈനയെ വാങ്ങി. വില പതിനഞ്ച് രൂപ. ഭാരം കുറഞ്ഞ (വിമാനത്തിൽ അയയ്ക്കണ്ടേ?) ഒരു കൂടും.

ബാർബറയുടെ ചെല്ലപ്പേരായ 'ബാബ്സ്' എന്ന് വിളിയ്ക്കാൻ പഠിപ്പിയ്ക്കാനായി പിന്നത്തെ ശ്രമം. പനയോല കൊത്താൻ കൊടുത്താൽ തത്തകൾ സംസാരിയ്ക്കും എന്ന് ഞങ്ങളുടെ വീട്ടിലെ വേലക്കാരി പറഞ്ഞു. ആലുവായിൽ പന ഇല്ലല്ലൊ. ഒരു പഴയ വിശറി കീറി പനയോല കൊടുത്തു നോക്കി. വിശറി പോയത് മാത്രം മിച്ചം. പക്ഷേ ഞാൻ അടുത്ത് വരുമ്പോഴെല്ലാം (എന്റെ ശല്യം സഹിയ്ക്കാതെയാണോ ആവോ) ഒരു പ്രത്യേക ശബ്ദം ഉണ്ടാക്കാൻ തുടങ്ങി, ആ പക്ഷി. അത് ബാബ്സ് എന്നാണെന്ന് വിശ്വസിയ്ക്കാൻ ഞാൻ ശ്രമിച്ചു. അയയ്ക്കാനുള്ള ശ്രമം തുടങ്ങിയപ്പോൾ ഒരു കാര്യം വ്യക്തമായി. പതിനെട്ട് വയസ്സാകാത്തതിനാൽ എനിയ്ക്ക് അയയ്ക്കാൻ പറ്റില്ല. വീണ്ടും അച്ഛനെ ശരണം പ്രാപിച്ചു. പല പല പ്രശ്നങ്ങൾ തലപൊക്കി. മൈനയ്ക്ക് അസുഖം ഒന്നും ഇല്ല എന്ന് സർക്കാർ മൃഗഡോക്ടറുടെ സർട്ടിഫിക്കറ്റ് വേണം. നാട്ടിൽ അമ്മൂമ്മയുടെ പശുക്കളെ നോക്കുന്ന ശങ്കരപ്പിള്ള ഡോക്ടറെ പിടിച്ചു. അമ്മൂമ്മയുടെ ശുപാർശയിൽ അദ്ദേഹം മൈനയെ കാണുക പോലും ചെയ്യാതെ അതിനു ആറ് മാസം പ്രായമായി എന്നും അരോഗ ദൃഢഗാത്രൻ ആണെന്നും സർട്ടിഫിക്കറ്റ് തന്നു. അടുത്ത പ്രശ്നം എന്തെന്നാൽ, കൊച്ചിയിൽ നിന്നും അമേരിക്കയ്ക്ക് നേരിട്ട് വിമാനം ഇല്ലല്ലൊ. മദ്രാസിൽ നിന്നുണ്ട്. ബോംബേ / കാബൂൾ / ടെഹ്റാൻ / പാരീസ് / ലണ്ടൻ. അപ്പോൾ മദ്രാസിൽ അതിനെ ഇറക്കി കയറ്റാൻ ഒരാൾ വേണം. അതിന് ഒരു ക്ലിയറിങ്ങ് ആന്റ് ഫോർവേഡിങ്ങ് എജന്റിനെ ഏർപ്പാടാക്കാനും പിന്നെ എയർ ഇൻഡ്യയുമായുള്ള ഇടപാടുകൾക്കും സഹായിയ്ക്കാൻ അച്ഛന്റെ ഓഫീസിലെ ഒരു സഹപ്രവർത്തകൻ തയ്യാറായി. വിമാനക്കൂലി 163 രൂപ; ഇറക്കിക്കേറ്റാൻ 30 രൂപ. പിന്നെ രണ്ട് തവണ മൈനക്കൂടും കൊണ്ടു് എയർപോർട്ടിലേയ്ക്ക് പോകാനുള്ള ടാക്സിക്കൂലി (ആദ്യത്തെ തവണ വിമാനം പറന്നില്ല). അച്ഛന് ആകപ്പാടെ ദേഷ്യം പിടിച്ചു. അവസാനം 1968 ജൂലൈ 17ന് പതിനൊന്ന് മണിയ്ക്ക് കൊച്ചിയിലെ പഴയ വിമാനത്താവളത്തിൽ നിന്നും എന്റെ മൈന 'പറന്നു'. വാൽക്കഷണം: എന്റെ മൈന ബിലാത്തിയിലെത്തി മുന്നാഴ്ച്ചത്തെ കാറന്റീനൊക്കെ കഴിഞ്ഞ് ബാർബറയ്ക്കടുത്തെത്തി. ചേച്ചിയ്ക്ക് ഭയങ്കര ഇഷ്ടമായി ടോയ്ലെറ്റ് ട്രൈനിങ്ങ് ശരിയാവുന്നില്ല എന്നതൊഴിച്ചാൽ. ആദ്യത്തെ മഞ്ഞുകാലം വീട്ടിനുള്ളിൽ കഴിഞ്ഞു. രണ്ടാമത്തെ മഞ്ഞുകാലത്ത് 'നമ്മളിതൊക്കെ എത്ര കണ്ടതാ' എന്ന മട്ടിൽ മഞ്ഞിൽ ഇറങ്ങിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്തായാലും ന്യൂമോണിയ ബാധിച്ച് മരിച്ചു എന്നാണ് അറിഞ്ഞത്. ആ കുഞ്ഞാത്മാവിന് സ്വസ്തി.

നിദ്ര



Dr Kavya Ravindran
Junior Resident,
Govt. Medical College,
Thrissur

കനിവിനായ് കേഴുന്ന, കരയുന്ന മാടിന്റെ
മിഴിയിണക്കോണിലെ വജ്രമായ് മിന്നുവാൻ
അരവയറിന്നൂടമയാം, അബലമാമിന്നിന്റെ
വിശപ്പെന്ന ഭാഷയുടെ വ്യാകരണം പഠിക്കുവാൻ
ഒരു മഹാസാഗരമുള്ളിലൊളിപ്പിക്കും
ജീവിതശംഖിൻ ഉൾപ്പൊരുളറിഞ്ഞിടാൻ
ഇരുണ്ട ഗോളത്തിലെ വരണ്ട മണ്ണിലേക്കൊരു
ഹിമകണം മാത്രമായ് ഉരുകിയൊലിക്കുവാൻ
ആരണ്യകത്തിലെ കൂരാഗ്നിയിൽ പിടയുന്ന
ജരിതകാലങ്ങളുടെ പ്രരോദനമാകുവാൻ
രാവിൻ ഭയമെന്ന കമ്പിളി പുതയ്ക്കുന്ന
രാപ്പാടികൾക്ക് വഴിവിളക്കായ് നിന്നെരിയുവാൻ
ക്രൂരത നിണച്ചാലായൊഴുകുന്ന നാട്ടിലെ
അനാഥബാല്യങ്ങൾ തൻ കണ്ണീർ തുടയ്ക്കുവാൻ
അവശരാം യാത്രികർ പിന്നിടും വീഥിയിൽ
ഒരു പൊതിച്ചോറിന്നന്ത്യകുടം വീട്ടുവാൻ
കരയുന്ന ഭൂവിൻ നൂരയുന്ന നിണം വീണ്ടും
സ്നേഹസംഗീതത്തിൻ പാലാഴിയാക്കുവാൻ
കഴിയാതെ, 'ഞാനെന്ന' ചേതനയെ
ഭദ്രമായ് ഒളിപ്പിക്കുമീ, ഏഴാംനിലയിലെ
ക്ഷീരപഥങ്ങൾക്കിടയിലെ, കപടധാവള്യത്തിൽ,
നനവുണങ്ങാത്ത മഷിക്കുത്തുകൾ ചുരുട്ടിയാ
പുസ്തകത്താളിന്റെ സ്വകാര്യതയിലടക്കം ചെയ്യാം...
ഇടറാത്ത കാവ്യശകലങ്ങൾക്കിരടികളിനിയും
ബാക്കിനിൽക്കെ മനസ്സാം മരീചിക
ശൂന്യമീ നിദ്രയിൽ സുഖം പ്രാപിക്കട്ടെ..!





Dr Biju John.C
Additional professor
RIO, Trivandrum

ഫൊണ്ടിൽ അപൈസെഡ് ഡൗൺ

"അതേ, മോന് കണക്കിന് മാർക്ക് വളരെ കുറവാണ്. എന്തെങ്കിലും അടിയന്തിരമായി ചെയ്തേ പറ്റൂ"

ഭർത്താവിന്റെ പ്ലെയിറ്റിന്റെ ഡൈഡിലേക്ക് ഒരു കഷണം മീൻ വറുത്തത് കൂടി ഇട്ടിട്ട് ഡൊ. ലീന പറഞ്ഞു.

പ്രിയതമന്റെ മുഖം തുടുക്കുന്നതും, കണ്ണുകൾ തുറിക്കുന്നതും, വായിലിരുന്ന ഉരുള ഇറക്കുവാൻ പോലും സാധിക്കാതെ ശ്വാസം മുട്ടുന്നതും കണ്ടതും പ്രിയതമയുടെ ഭാഷണ ഭാവം മാറി.

"അയ്യോ നിങ്ങള് വിഷമിക്കാൻ പറഞ്ഞതല്ല. കണക്കു അവനു കുറച്ചു ടഫ് ആണെന്ന് നമുക്കറിയാവുന്നതാണല്ലോ. ബാക്കി എല്ലാ വിഷയങ്ങൾക്കും അവൻ ക്ലാസ്സിൽ ഫസ്റ്റാണ്. ഡോണ്ട് വറി ഡിയർ. അവൻ മേക്ക് അപ് ചെയ്തോളും."

ഭാഷണ ശൈലീമാറ്റം പക്ഷെ, ഉദ്ദേശിച്ച മാറ്റം പ്രിയതമന്റെ മുഖഭാവശൈലിയിൽ ഉണ്ടാക്കിയില്ല എന്നതറിഞ്ഞ് ഡോക്ടർ അസ്വസ്ഥയായി. മുഖത്തെ ചുവപ്പിൽ ഒരു നീലിമ പടരുന്നുണ്ടോ? കണ്ണിന്റെ തുറിപ്പും കൂടി. കൃഷ്ണമണികൾ കൃഷ്ണമൃഗങ്ങളെ പോലെ ചാടിക്കളിക്കുന്നു. ആരോ തൊണ്ടക്കു പിടിച്ച പോലത്തെ ഇരുപ്പ്. 'അയ്യോ ഇനി ആ ഉരുള തൊണ്ടയിൽ .....

Oh my God. Choking ! HE IS CHOKING

ശ്രീ ഹരിക്കോട്ടയിൽ നിന്ന് വിക്ഷേപിച്ച റോക്കറ്റു കണക്കെ ഡോക്ടർ ലീന ഭർത്യസമീപത്തേക്ക് വിക്ഷേപിതയായി. "ഹൈമ്ലിക്! ഹൈമ്ലിക്!" എന്നുവിളിച്ചു പറഞ്ഞു കൊണ്ടായിരുന്നു അവരുടെ ആ ശബ്ദാതിവേഗയാത്ര. അടുത്ത രണ്ടു നിമിഷത്തിൽ ആ സ്ത്രീറോക്കറ്റു ഭർത്താവിന്റെ മുതുകത്ത് ചെന്നു ഡോക്ക് ചെയ്യും. അതിന്റെ വശങ്ങളിൽ നിന്ന് രണ്ടു സുന്ദരബാഹുക്കൾ നീണ്ടു ചെന്ന് അദ്ദേഹത്തിന്റെ വയറിൽ അതിശക്തിയായി അമർത്തും. ആ അമർത്തലിൽ മുകളിലേക്ക് ചാടുന്ന ഡയഫ്രത്തിന്റെ തള്ളലിൽ ആ പുരുഷ ശ്വാസകോശം അതിവേഗം ചുരുങ്ങും. ഉച്ഛ്വാസവായു അതിശക്തമായി പുറത്തേക്കു നിർഗമിക്കും. മിനിട്ടിൽ ഇരുനൂറു ലിറ്റർ എന്ന തോതിൽ പായുന്ന ആ വായു പ്രവാഹത്തിന്റെ പ്രചണ്ഡ തള്ളലിൽ തൊണ്ടയിൽ കുടുങ്ങിയ ആ ഉരുള ചോറ് ശക്തിയായി പുറത്തേക്കു തെറിക്കും. അങ്ങനെ ആ ഭർത്താവ് ജീവിതത്തിലേക്ക് തിരിച്ചു വരികയും ചെയ്യും.

പക്ഷെ നിയതിയുടെ ഗതി മാറ്റാൻ നിസ്സാരനായ മനുഷ്യനാര്? സൃഷ്ടാവിന്റെ സംധ്യാനങ്ങളുമായി സംഘർഷിക്കാൻ സൃഷ്ടിക്കെന്തവകാശം? സ്നേഹത്തിന്റെ ഇന്ധനശക്തിയിൽ അതി ശീഘ്രം മുന്നോട്ടു കുതിച്ചു കൊണ്ടിരുന്ന ആ ഭാര്യാ റോക്കറ്റിനു പകുതി വഴിയേ താണ്ടാൻ സാധിച്ചുള്ളൂ .

അപ്പോഴേക്കും അനിവാര്യമായത് സംഭവിച്ചു കഴിഞ്ഞിരുന്നു!!

ഈച്ച കുത്തിയ കുമ്പളങ്ങ പോലെ ഇരുന്ന ഭർതൃ വദനം പെട്ടെന്ന് ഇഞ്ചി കടിച്ച കുരങ്ങന്റെ ഭാവഹാവാദികൾ കൈവരിച്ചു. ആ വദന വക്രതവും, വലതു കൈയിലെ വിരലുകളും തമ്മിൽ എന്തോ ആശയ വിനിമയം നടന്നു. അതിന്റെ ഫലമായി ആ വായ ചെറുതായി തുറക്കപ്പെടുകയും, ആവിടവിൽ കൂടി നീണ്ടു കറുത്ത ഒരു വസ്തു നിർഗ്ഗമിക്കുകയും ചെയ്തു. വലതു കൈ വിരലുകളും, ഇടതു കൈ വിരലുകളും ഏറെ നേരം ചാക്രികമായി പ്രവർത്തിച്ചു മേൽ പറഞ്ഞ വസ്തുവിനെ പുറത്തെത്തിച്ചു. വലതു ചൂണ്ടുവിരലിന്റെയും തള്ള വിരലിന്റെയും സഹായത്തോടെ തടങ്കലിലാക്കിയ പ്രതിയെ ഭാര്യയുടെ നേരെ നീട്ടിയിട്ട് ആ ഭർത്താവ് ദയനീയമായി പറഞ്ഞു

"ദേ പിന്നേം മുടി!!"

ഡയഗ്നോസിസ് തെറ്റിയതിലുള്ള ഒരു ഡോക്ടറുടെ വൈക്ലബ്യം, പ്രിയതമന് കുഴപ്പമൊന്നുമില്ലല്ലോ എന്നറിഞ്ഞപ്പോഴുള്ള ഒരു

ഭാര്യയുടെ ആശ്വാസം, കൃത്യമായി ഡവ് ഷാംപൂവും, ഇന്ദുലേഖയും ഒക്കെ കൊടുത്തു താൻ പരിപാലിക്കുന്ന തന്റെ കേശ സമ്പത്തിന്റെ കൂടിവരുന്ന ഭക്ഷണ പ്രേമം സൃഷ്ടിച്ച നിരാശ ഇതെല്ലാം കൂടി ലീന ഡോക്ടറുടെ പേലവ മുഖത്തെ ശ്യാമളമാക്കി. പക്ഷെ ക്ഷണ നേരം കൊണ്ട് ഭാര്യാ സിദ്ധമായ നയ ചാതുരി വീണ്ടെടുത്തു കൊണ്ട് അവർ പറഞ്ഞു

"സാരില്യ ഡിയർ. ഏക ഭാര്യയുടെ ഒരേക മുടിയല്ലേ ഇന്ന് കിട്ടിയുള്ളൂ"

"ഒരെണ്ണമേ എനിക്ക് രക്ഷിച്ചെടുക്കാൻ പറ്റിയുള്ളൂ. രണ്ടെണ്ണം ആമാശയം ലക്ഷ്യമാക്കി യാത്രയായി കഴിഞ്ഞു."

അഡ്വക്കേറ്റ് മാത്യൂ ലോ പോയിൻറ് ഉന്നയിച്ചു.

"പോട്ടെന്നേ, ഇന്ദുലേഖ മാറ്റി ഞാനാ രാമു വൈദ്യരുടെ കേശവർദ്ധിനി ഉപയോഗിക്കാൻ തീരുമാനിച്ചു. എല്ലാം ശരിയാവും."

"ഇന്നലെ ഉച്ചയ്ക്ക് ഊണിലെ കല്ല് കടിച്ചപ്പഴും നീ ഇതു തന്നെയാ പറഞത്. എല്ലാം ശരിയാവുന്ന്"

"പോട്ടച്ചായാ, ഇന്നത്തെ ഫിഷ് ഫ്രയ് എങ്ങനുണ്ടെന്നു പറ. എന്റെ ഫ്രണ്ടിലല്ലേ, മായ. അവടെ റെസിപ്പി ആണ്."

"ങാ അത് പറ. നല്ല അടിപൊളി ഡിഷ്. മായ ഒരു മായാജാലം തന്നെ"

"അയ്യടാ! എന്നാലേ ഇത് മായേടെ മായാജാലം ഒന്നുമല്ല. എന്റെ സ്വന്തം പ്രിപ്പറേഷൻ തന്നെയാ. നിങ്ങക്ക് ഇത്തിരി ടേസ്റ്റ് കൂടുതൽ കിട്ടാൻ വേണ്ടി ഞാൻ മായേടെ പേര് പറഞ്ഞെന്നേ ഉള്ളൂ"

"ചതിയായി പോയി. അല്ല ഫിഷ് ഫ്രയ് അല്ലല്ലോ നമ്മുടെ പ്രശ്നം, മോന്റെ കണക്കല്ലേ. ലെറ്റ് അസ് കോൺസട്രേറ്റ് ഓൺ ദാറ്റ്. അവൻ ഒരുപാട് ഡിസ്ട്രാക്റ്റഡ് ആണ്. ആ ട്യൂഷൻ മാസ്റ്ററുടെ കാര്യം നമുക്കൊന്ന് കൂടി സംസാരിച്ചു നോക്കാം."

"അല്ല, ഇതെന്തു ഭാവിച്ചാ"

ഇങ്ങനെ ഒരു ചോദ്യം ഡോക്ടർ ലീനയെ കൊണ്ട് ചോദിപ്പിച്ചത്, പ്രിയതമന്റെ മുഖത്തെ എന്തെങ്കിലും ഭാവ വ്യത്യാസം ആയിരുന്നില്ല, മറിച്ച് ഭക്ഷണാനന്തര ചര്യയിലെ ഒരു വ്യത്യാസം ആയിരുന്നു.

അത്താഴം കഴിഞ്ഞെഴുനേറ്റു നേരെ ടി വി യിലെ അന്തിചർച്ചയിൽ പങ്കുചേരാൻ പൊയ്ക്കൊണ്ടിരുന്ന മാത്യൂ വക്കീൽ, അതാ ഉണ്ട പാത്രങ്ങളെല്ലാം കൈയിൽ എടുത്തു എഴുനേറ്റു നിൽക്കുന്നു. മുഖത്ത് ഇത് വരെ കാണാത്ത ഒരു പ്രത്യേക ഭാവം .

അവൾ വീണ്ടും ചോദിച്ചു

"അല്ല ഇതെന്താ പ്ളേറ്റുമൊക്കെ എടുത്തു എങ്ങോട്ടാ"

എടി പിന്നെ ഇന്നലത്തെ ആ സിനിമയില്ലേ, "ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ"

അത് എന്റെ ചിന്താഗതിയെ മാറ്റി മറിച്ചു. "ഇന്ന് തൊട്ട് ഞാൻ ഉപയോഗിച്ച പാത്രങ്ങൾ ഞാൻ തന്നെ കഴുകി വെക്കുന്നതായിരിക്കും."

ഇതിനു മുമ്പൊരു ദിവസം അന്താരാഷ്ട്ര വനിതാ ദിനം പ്രമാണിച്ച് പാത്രം കഴുകൽ കണവൻ ഏറ്റെടുത്തതും, രണ്ടു പ്ലേറ്റുകളേയും മുന്നു ഗ്ലാസ്സുകളേയും രായ്ക്കുരാമാനം കാലപുരിയ്ക്കയച്ചതും, അന്നത്തെ ശക്തമായ പാത്രം കഴുകലിന്റെ അനശ്വര സ്മാരകങ്ങളായി, വർക്ക് ഏരിയാ ഭിത്തിയിൽ ഇന്നിയും മായാത്ത കറുത്ത പാടുകളുണ്ടായതും, പൊടുന്നനെ മനസ്സിൽ തികട്ടിയ ഡോക്ടർ ലീന വീണ്ടും ഒരു റോക്കറ്റായി സ്വയം രൂപാന്തരപ്പെട്ടു. നിമിഷങ്ങൾ കൊണ്ട് ഇരുന്ന കസേരയിൽ നിന്ന് രണ്ടാമതും വിക്ഷേപിക്കപ്പെട്ട ആ സ്ത്രീ രത്നം ഭർത്ത്യ ഗതി തടയുകയും, അദ്ദേഹത്തിന്റെ കൈയിൽ നിന്ന് സ്നേഹപൂർവ്വം ആ പാത്രങ്ങൾ പിടിച്ചുവാങ്ങുകയും ചെയ്തു.

അനന്തരം ശരീരം കൊണ്ട് ഒരു റൊമാന്റിക് തട്ട് ഭർത്താവിന് കൊടുത്തിട്ട് പറഞ്ഞു.



"അതേ നിങ്ങളവിടെ പോയൊന്നിരുന്നേ. നിങ്ങടെ ഫേവറിറ്റ് ആണ് ഇന്നത്തെ ഡിസ്സർട്ട്. പൈനാപ്പിൾ അപ്സൈഡ് ഡൗൺ."

പൈനാപ്പിൾ അപ്സൈഡ് ഡൗൺ എന്ന് കേട്ടതും, ഭർത്താവിന്റെ മുഖം പൈനാപ്പിൾ പോലെ തുടുക്കുന്നതും, ചുണ്ടുകളിൽ ഒരു നനവ് വരുന്നതും ആത്മ നിർവൃതിയോടെ ആ ഭാര്യ കണ്ടു.

ഒരു മാസം മുമ്പ് സണ്ണിയമ്മാവൻ കൊണ്ട് തന്ന പൈനാപ്പിളുകൾ ഇനിയും ഇരിക്കുന്നു ഫ്രിഡ്ജിൽ. കൃഷി പ്രേമിയായ അമ്മാവന്റെ പൈനാപ്പിൾ കൃഷി കൊണ്ട് നാട്ടുകാർക്കൊക്കും കാര്യമായ പ്രയോജനം ലഭിച്ചില്ലെങ്കിലും തങ്ങളടക്കമുള്ള ബന്ധുജനങ്ങൾ സന്തുഷ്ടരാണ്.

ഇറക്കിയ കാശ് പോലും കിട്ടാത്ത രീതിയിലുള്ള വിലയിടിവാണ് മോളെ പൈനാപ്പിളിന്. ഈ വിലയ്ക്ക് ഏതായാലും നാട്ടുകാർ തിന്നണ്ട. നമ്മുടെ കുട്ടരെങ്കിലും അനുഭവിക്കട്ടെ എന്ന് പറഞ്ഞാണ് അമ്മാവൻ ഏകദേശം അഞ്ചാറു കിലോ പൈനാപ്പിൾ തന്നിട്ട് പോയത്. ഈ പൈനാപ്പിളുകളും യു ട്യൂബ് പാചക ഗോഷ്ടികളും തമ്മിൽ പ്രതി പ്രവർത്തിച്ചപ്പോൾ ഉണ്ടായ ഒരു വിശേഷപ്പെട്ട കേക്കാണ് പൈനാപ്പിൾ അപ്സൈഡ് ഡൗൺ.

വിദ്യാലയജീവിതത്തിൽ തന്നെ കോപ്പിയടിയിൽ പല നൂതന സാങ്കേതികവിദ്യകളും പരീക്ഷിച്ചു വിജയിപ്പിച്ച ഗ്രേസിയാന്റിയാണ് ഈ സാധനവും ആദ്യം വികസിപ്പിച്ചെടുത്തതെങ്കിലും, കാരമലൈസ്ഡ് പൈനാപ്പിൾ കഷണങ്ങളും, ചെറിക്ഷ്ണങ്ങളും, മുകളിൽ മാത്രമല്ല വശങ്ങളിലും പ്രത്യക്ഷപ്പെടുത്തി സാധനത്തെ കൂടുതൽ മനോഹരവും മധുരതരവും ആക്കാമെന്നു കാണിച്ചു കൊടുത്തത് താൻ തന്നെ ആണ്. ഏതായാലും സംഗതി സൂപ്പർ ഹിറ്റായി.

ആ വിശേഷപ്പെട്ട കേക്കിന്റെ നല്ലൊരു പീസ് പ്ലേറ്റിലേക്കിടുന്നതിന്റെ ഇടയ്ക്ക് ഡോ. ലീന ഏറുകണ്ണിട്ട് ഭർത്താവിനെ നോക്കി. ദാ, ടിവിയുടെ മുന്നിലെ സോഫായിൽ പോയി സ്ഥാനം പിടിച്ചു കഴിഞ്ഞു. ഇനി ഇപ്പോ ഒരു കാലെടുത്തു മുൻപിലെ ടീപ്പോയിയിൽ വെക്കും. അതിലിരിക്കുന്ന ഫ്ളവർ വേസ് തട്ടി താഴെയിടും. ഭംഗിയുള്ള ചിത്രപ്പണി ചെയ്ത കവറുകളിട്ട്, അതീവ ഹൃദ്യമായി താൻ അണിയിച്ചൊരുക്കി വെച്ചിരിക്കുന്ന സൈഡ് കുഷ്യൻസ് എടുത്ത് അപ്പുറത്തെ സോഫായിലേക്ക് വലിച്ചെറിയും. റിമോട്ട് എടുത്ത് കുത്തും. ഏഷ്യാനെറ്റ് ന്യൂസ് കിട്ടുന്നതു വരെ കുത്തും. കിട്ടി കഴിയുമ്പോൾ മറ്റേ കാലു കൂടി എടുത്തു ടീപ്പോയിയിൽ വെക്കും. ഈ പോസിലിരുന്ന് തന്നെ ഡിസെർട്ട് കഴിക്കണം എന്നത് കക്ഷിക്കു നിർബന്ധമാണ്.

"സ്ക്രീനിൽ വിനു ജോൺ, കൈയിൽ ഡിസെർട്ട്, അരികിൽ ഭാര്യ"

അതാണത്രേ അദ്ദേഹത്തിൻറെ ഹൈ പോയിന്റ് ഓഫ് ദ ഡേ

രണ്ടു ഡിസേർട്ട് പ്ലേറ്റുകളുമായി ഡോ ലീന ഭർത്താവിന്റെ അടുത്തിരുന്നു. പ്ലേറ്റുകളിലൊന്ന് കൈമാറുമ്പോൾ ടി വി സ്ക്രീനിൽ നോക്കിയ ലീന ചെറുതായിട്ടൊന്നു ഞെട്ടി.

സ്ക്രീനിൽ വിനു ജോണിനു പകരം വിരാട് കോലി! ഈശ്വരാ ഏതോ ക്രിക്കറ്റ് ലൈവ് ആണ്. T 20 ആണെന്നു തോന്നുന്നു. ഇന്നിനി പാതിരാത്രി വരെ ഇതിനു മുമ്പിൽ കുത്തിപ്പിടിച്ചിരിക്കും. വെറുതെ ഹായ് ഹൂയ് എന്നു വിളിച്ചോണ്ടിരുന്നാൽ കുഴപ്പമില്ലായിരുന്നു. കോലിക്കുട്ടത്തിൽ ആരെങ്കിലും സിക്സ് അടിച്ചാൽ ആവേശത്തോടെ ചാടിയെഴുനേറ്റ് അടുക്കളയിലേക്ക് പായും. അവിടെ ഫ്രിഡ്ജിലോ, ഷെൽഫിലോ ഒരു സർജിക്കൽ സ്ട്രൈക്ക് നടത്തും. ബൗണ്ടറിയിൽ നിന്നും ബോൾ തിരിച്ച് ബൗളറുടെ കൈയിൽ എത്തുമ്പോഴേക്കും കൊള്ളമുതലുമായി ആൾ മുമ്പത്തെ ഇഷ്ടാസന നിർവൃതിയിൽ തിരിച്ചെത്തിയിട്ടുണ്ടാവും. ബൗളറുടെ അടുത്ത ബോൾ ബാറ്റ്സ് മാനെ ലക്ഷ്യമാക്കി പായുന്ന അതേ നിമിഷത്തിൽ, ഏതാണ്ട് അതേ ഗതിവേഗത്തിൽ തന്റെ തലേ ആഴ്ചത്തെ ബ്ലഡ് പ്രഷർ പരിശോധന ഫലങ്ങളിലൊന്ന് ആ വായിലേക്ക് ബൗൾ ചെയ്യപ്പെടും.

ഈ പ്രക്രിയ കളി തീരും വരെ തുടരുമെന്നതിനാൽ ഒരു T 20 മത്സരം കഴിയുമ്പോഴേക്കും ഒരാഴ്ചത്തെ തന്റെ സർഗ്ഗാത്മക ബ്ലഡ് പ്രഷർ സൃഷ്ടികൾ ആരുമാവ് പോലും അവശേഷിക്കാതെ ആത്മനാഥാമാശയപൂരി പൂകിയിരിക്കും.

അതൊക്കെ പോട്ടെ എന്നു വെക്കാം. ആ തിന്ന സാധനങ്ങളെ കുറിച്ച് ഒരഭിപ്രായം ചോദിച്ചാൽ സൂപ്പർ, ഗംഭീരം എന്നൊക്കെ പറയുമെന്നല്ലാതെ അവകളുടെ ആകൃതിയെ കുറിച്ചോ പ്രകൃതിയെ കുറിച്ചോ നാമത്തെ കുറിച്ചോ നിർമ്മമ നിരാമയമായ അജ്ഞത മാത്രം. പരാതിപ്പെട്ടിട്ടോ പരിഭവപ്പെട്ടിട്ടോ കാര്യമില്ല. സ്വന്തമായി കണ്ടുപിടിച്ച വൈരുദ്ധ്യാത്മിക ഭോജന സൗന്ദര്യ വാദം കൊണ്ട് തടുക്കും. അതായത് ഭോജന വസ്തുക്കളുടെ ബാഹ്യ സൗന്ദര്യം ക്ഷണികവും അർത്ഥശൂന്യവും അതിനാൽ അവഗണനീയവും ആണ്. അതേ സമയം ആന്തരിക സൗന്ദര്യം സ്ഥായിയും, അർത്ഥപൂർണ്ണവും അതിനാൽ ആസ്വദനീയവും ആണത്രേ.

ഏതായാലും ഇതു വരെ മുറുകെ പിടിച്ചിരുന്ന വൈരുദ്ധ്യാത്മിക ഭോജന സൗന്ദര്യ വാദം പൊളിഞ്ഞു വീണതും ഈ പൈനാപ്പിൾ അപ്പ്സൈഡ് ഡൗൺ ശ്രേഷ്ഠനു മുമ്പിൽ ആണ്. "ബാഹ്യ സൗന്ദര്യവും, ആന്തരിക സൗന്ദര്യവും സമഞ്ജസ സുന്ദരമായി സമ്മേളിച്ച അത്ഭുത സൃഷ്ടീ നിനക്ക് വന്ദനം" എന്നു പറഞ്ഞാണ് ഒരാഴ്ച മുമ്പ് ഇതിന്റെ മുൻഗാമിയുടെ രണ്ടാമത്തെ പീസ് അദ്ദേഹം ചുണ്ടോട് ചേർത്തത്.

അദ്ദേഹത്തിന്റെ അമ്മയുടെ തൊണ്ണൂറാം

ജന്മദിനമാണ് നാളെ. അത് പ്രമാണിച്ചാണ് ഈ വിശേഷപ്പെട്ട കേക്ക് വീണ്ടും ഉണ്ടാക്കിയത്. നാളത്തെ ജന്മദിനാഘോഷങ്ങളുടെ കേന്ദ്ര ബിന്ദു ആകേണ്ട ആ സുന്ദര സൃഷ്ടി അടുക്കളയിലെ ചുവരലമാരയിൽ വിശ്രമിക്കുന്നു. കള്ളി ഇങ്ങനെ പുരോഗമിക്കുകയും കോലിയുടെ ചുണക്കുട്ടന്മാർ സിക്സടി തുടരുകയും ചെയ്താൽ നാളെ രാവിലത്തേക്ക് അടുക്കള ശൂന്യമാകാനുള്ള സാദ്ധ്യത ഉണ്ട്. മാച്ച് തീരുന്നതു വരെ വീട്ടിലെ ചുണക്കുട്ടന് കൂട്ടിരിക്കുക തന്നെ അഭികാമ്യം.

ക്ടക്: ... ഡോക്ടർ ലീനയുടെ ചിന്തകൾക്ക് തൽക്ഷണവിരാമം ഇട്ടു കൊണ്ട് ആ ശബ്ദം മുഴങ്ങി.

ശബ്ദത്തിന്റെ പ്രത്യാസന്ന തീവ്രത കൊണ്ടും വാമകർണ്ണോന്മുഖത്വം കൊണ്ടും അതിന്റെ പ്രഭവ കേന്ദ്രം തൊട്ടടുത്ത് ഇടതു ഭാഗത്തിരിക്കുന്ന പ്രിയതമന്റെ മുഖം തന്നെയാണെന്ന് ആ ഭാര്യക്ക് മനസ്സിലായി. തന്റെ നിഗമനത്തിന്റെ കൃത്യത അടിവരയിട്ടുറപ്പിക്കുന്ന തരത്തിൽ ആ ശബ്ദത്തിനനുയോജ്യമായ ഭാവങ്ങൾ ഭർത്താവിന്റെ മുഖത്തും ദൃശ്യമായി. ഏതാനും മിനിറ്റുകൾക്കു മുമ്പ്, ചീറ്റിപ്പോയ ഒരു ഹൈല്ലിക്ക് മനുവറിനു മുമ്പുള്ള നിമിഷത്തിലേക്ക് ആ ഭാര്യാ പ്രജ്ഞ എടുത്തെറിയപ്പെട്ടു. തന്റെ രോഗനിർണ്ണയ പാടവത്തിനു കടുത്ത വെല്ലുവിളി ഉയത്തിയ അതേ ഭാവം, ദാ അതേ മുഖത്ത് വീണ്ടും!

ചുവന്നുതുടുത്ത മുഖം, തുറിച്ച കണ്ണുകൾ, വീർത്ത കവിളുകൾ

...അകമ്പടിയായി ആ വല്ലാത്ത ശബ്ദവും ക്ടക്!

ക്ടക്.... ദാ അതു വീണ്ടും.

ദൈവമേ ഇതെന്തൊരു പരീക്ഷണം!

"എന്താ Dear എന്തുപറ്റി."

മറുപടിയായതാ ഭീഷണ ഭീമത്സ ഭാവങ്ങളുടെ പൂരം തന്നെ ആ മുഖത്ത്.

പൂരത്തിനു വെടിക്കെട്ട് പോലെ ആ ശബ്ദവും!

ക്ടക് ക്ടക്

വീണ്ടും മുടി?

നോ! മുടിക്കെങ്ങനെ ഈ ശബ്ദമുണ്ടാക്കാൻ കഴിയും?

മാത്രമല്ല അതിന്റെ ക്ലിനിക്കൽ ഫീച്ചേഴ്സ് മുഴുവൻ അത്താഴ മദ്ധ്യേ ഉണ്ടായ ആ സംഭവത്തോടെ ഹൃദിസ്ഥമായതാണ്. അത് റൂൾ ഔട്ട് ചെയ്യാം. അടുത്ത സാധ്യത മനസ്സിലേക്ക് തള്ളിക്കയറി വന്ന ഡോ ലീന ദീനമായി ഭർത്താവിനോട് ചോദിച്ചു.

"അയ്യോ കല്ലാണോ? ചിലപ്പോ മുട്ടത്തോടായിരിക്കും"

കേക്കിൽ കല്ലുകടിച്ചു വക്രിച്ച മുഖം കൂടുതൽ വക്രിപ്പിച്ച് പതിവ്രത്യൻ അനുകൂല ഭാവത്തിൽ തലയാട്ടി. പിന്നീടവിടെ നടന്നത് വായും, കൈയും, മെയ്യും ഒരുമിച്ചുള്ള ഒരതിശീഘ്ര ഏകതാന പ്രവർത്തനമായിരുന്നു.

നിമിഷനേരം കൊണ്ട് വായിലെ അസ്വസ്ഥജന്യ ഉള്ളടക്കങ്ങൾ മുഴുവനായി അതാ കിടക്കുന്നു ആ പ്ലേറ്റിൽ! ശകുനം മുടക്കിയായ, ആ നശിച്ച കല്ലിനായി, ഡോക്ടറുടെ കണ്ണുകൾ ആ പ്ലേറ്റിലൂടെ അരിച്ചു നടന്നു.

നിഹിതനിഷ്കാസിതയായ ആ കേക്കുകഷണത്തിന്റെ ചതഞ്ഞരഞ്ഞ ശരീരത്തിൽ , അവിടവിടായി അതീവ വാത്സല്യത്തോടെ, കലാചാരുതയോടെ താൻ തിരുകി വെച്ചിരുന്ന പൈനാപ്പിൾ കഷണങ്ങളുടെ അവശിഷ്ടങ്ങൾ. കണ്ണുകൾ അറിയാതെ ഈറനണിഞ്ഞോ?.

തൊണ്ടയിൽ ഒരു ഗദ്ഗദ ബുദ്ബുദം തടഞ്ഞോ?..

ഇല്ല അതിനു സമയം കിട്ടിയില്ല. മനസ്സിന്ന ആ മാന്ത്രിക പക്ഷിക്ക് പഴമയുടെയും പഴക്കങ്ങളുടെയും സാധാരണത്വത്തിൽ വിശ്രമിക്കാൻ സമയമെവിടെ? താല്പര്യമെവിടെ? പുതുമകളുടെ തിളക്കമുള്ള അസാധാരണത്വങ്ങളിലേക്ക് പാറി പറക്കാനല്ലേ അതിനു വെമ്പൽ. അതു പറന്നു. പുതിയ ആ തിളക്കത്തിൽ ചെന്നു വിശ്രമിച്ചു.

മുപ്പത്തിരണ്ടു ദന്തങ്ങളാൽ പീഡിപ്പിക്കപ്പെട്ട ആ ഭഗ്ന കേക്കു ശരീരത്തിന്റെ ഒത്ത നടുക്ക് മഗ്നമായതാ ഒരു നഗ്ന തിളക്കം. തൂവെൺ കതിരൊളി വീശി വിരാജിക്കുന്ന ആ വസ്തു ഏതാണ്? ഇല്ല അങ്ങനെയൊരു ചേരുവക ഈ വിശിഷ്ട പാചക സൃഷ്ടിയിൽ താൻ ചേർത്തിട്ടില്ല. ഡൊ ലീനയുടെ ഭിഷഗ്വര പ്രജ്ഞ വീണ്ടും ഞെട്ടിത്തെറിച്ചെഴുനേറ്റു. ദൃശ്യശ്രവണ സ്പർശേന്ദ്രിയങ്ങൾ ഒരുമിച്ച് ആ വസ്തുവിലേക്ക് കൂർത്തു. മിനിറ്റുകൾക്കുള്ളിൽ രോഗനിർണ്ണയം കഴിഞ്ഞു. നിരീക്ഷണ നിഗമനങ്ങൾ രണ്ടു വട്ടം ആവർത്തിച്ച് ഉറപ്പിച്ചു.

ഒരു സംശയവുമില്ല.

സാധനം മുടിയല്ല!!... മുട്ടത്തോടല്ല !!..... കല്ലല്ല !!

പിന്നെയോ..

പല്ല്!!..... ഒരു അണപ്പല്ല് !

മുഴുവനില്ല.... പകുതിഭാഗം.

തലകീഴായിട്ടാണിരിക്കുന്നത്.

ഭക്ഷണവുമായി സംവദിക്കുന്ന സ്നിഗ്ദ്ധ നിമ്നോന്നതകൾ കേക്കുശരീരത്തിൻറെ ഉള്ളിലും, പൊട്ടിയടർന്ന പരുപരുപ്പുള്ള ഭാഗം പുറത്തു കാണാവുന്ന വിധവും. തന്റെ മാസ്റ്റർപീസ് "പൈനാപ്പിൾ അപ്സൈഡ് ഡൗൺ" ഒരു "അണപ്പല്ല് അപ്സൈഡ് ഡൗൺ" കേക്കായി രൂപാന്തരപ്പെട്ട ആ സംഭവതീവ്രതയുടെ ആഘാതത്തിൽ ഒരല്പനേരം അസ്ത പ്രജ്ഞയായി നിൽക്കാനുള്ള അവസരം പോലും പക്ഷെ ആ ഭിഷഗ്വര തരുണിക്ക് നിഷേധിക്കപ്പെട്ടു. അപ്പോഴേക്കും വന്നു ഭർത്യ മുഖത്തു നിന്നുള്ള അടുത്ത ഉദീരണം.

"ദിസ് ഈസ് ടൂ മച്ച് ലീനേ. ഒന്നോ രണ്ടോ മൂടി നീ ഇട്ടോ. ഞാൻ സഹിക്കാം. പക്ഷെ കല്ല്. അത് കുറച്ച് കടുപ്പമാ"

കല്ലുമായി മാനസികമായി പൊരുത്തപ്പെട്ടു കഴിഞ്ഞ കണവനോട്, കടിച്ചത് കല്ലിലല്ല, ഏതോ അനാഥ പല്ലിലാണ്, എന്നു പറയേണ്ടി വരുന്ന അവസ്ഥയെ കുറിച്ചും , ആ പല്ലറിവ് ആ ലോല ഹൃദയത്തിൽ ഉണ്ടാക്കാൻ സാദ്ധ്യതയുള്ള പ്രകമ്പനങ്ങളെ കുറിച്ചുമുള്ള വെളിപാട് പൊടുന്നനവേ ഉണ്ടായ ഡോക്ടർ വിപദി ധൈര്യം വീണ്ടെടുത്തു.

ചടുലചലിതയായി.

കർമ്മനിരതയായി.

ദൃഷ്ടിഗോചരമല്ലാത്ത ഒരു സൂക്ഷ്മ ഹസ്ത പ്രയോഗത്താൽ ആ അണപ്പല്ലിൻ കഷണം കൈപ്പിടിയിലാക്കിയ ആ ബുദ്ധിമതി ഭർത്താവിനോടു പറഞ്ഞു.

"സോറി ഡിയർ. അതൊരു ഡെയ്റ്റ് സീഡ് ആണ്. കേക്കിലിടാൻ ഡെയ്റ്റ്സ്, കുരു കളഞ്ഞെടുത്തപ്പോൾ വീണു പോയതാണ്."

"ഈ യാ.... ദാറ്റ്സ് ഇറ്റ്. കം ഓൺ. വൺസ് മോർ"

വായുവിലേക്ക് കൈകൾ ഉയർത്തി ഹർഷാരവം മുഴക്കുന്ന കണവനെ ഡോ. ലീന അത്ഭുതത്തോടെ നോക്കി.

വൺസ് മോറോ?

ഇങ്ങേർക്ക് വട്ടായോ?

പക്ഷെ ഭർത്താവിന്റെ ദൃഷ്ടികൾ പിന്തുടർന്ന് ടി.വി. സ്ക്രീനിൽ എത്തിയപ്പോഴാണ് ഡോ ലീനയ്ക്ക് സംഗതിയുടെ കിടപ്പു മനസ്സിലായത്.

അന്നാദ്യമായി അവർക്ക് വിരാട് കോലിയോട് എന്തെന്നില്ലാത്ത ആദരവും സ്നേഹവും തോന്നി. കാരണം സമയോചിതമായ ഒരു സിക്സ് പറത്തി ആ ഭാരത നായകൻ അപ്പോൾ കാത്തു രക്ഷിച്ചത് ഭാരതത്തിന്റെ അഭിമാനം മാത്രമായിരുന്നില്ല, ഇങ്ങു കേരളത്തിലെ ഒരു ഭരതീയ നാരിയുടെ അഭിമാനം കൂടിയായിരുന്നു.

ഭർത്താവിനൊപ്പം അവരും വിളിച്ചു പറഞ്ഞു "വൺസ് മോർ കോലി വൺസ് മോർ"

പക്ഷെ അതിനു ശേഷം കേക്കിന്റെ അവശിഷ്ടങ്ങൾ അടങ്ങിയ പ്ലേറ്റും എടുത്ത് അടുക്കളയിലേക്കു പിൻവാങ്ങിയ ഡൊ. ലീനയുടെ മുഖം ഇരുണ്ടിരുന്നു. അവർ ചിലത് ഉറപ്പിച്ചിരുന്നു.

"ഇല്ല. ഇതങ്ങനെ വെറുതെ വിടാൻ പറ്റില്ല. തന്റെ "പൈനാപ്പിൾ അപ്സൈഡ് ഡൗണി"നെ "അണപ്പല്ല് അപ്സൈഡ് ഡൗൺ" ആക്കി മാറ്റിയതാരാണെങ്കിലും ഈ ലീന കണ്ടുപിടിച്ചിരിക്കും. ആ മാന്യദേഹത്തിന്റെ മറ്റേ അണപ്പല്ലും താൻ ഇളക്കിയിരിക്കും"

ഡോ ലീനയിലെ കുറ്റാന്വേഷക ഉണർന്നു.

പ്രതിസ്ഥാന സാധ്യതാപ്പട്ടികയിൽ ഒന്നാം സ്ഥാനത്തുള്ള ആളുടെ മുറിയിലേക്ക്

അവർ നീങ്ങി.

നാളത്തെ തൊണ്ണൂറാം ജന്മദിനാഘോഷങ്ങൾ സ്വപ്നം കണ്ടുറങ്ങാൻ കിടന്ന ഭർത്യമാതാവ്. കേക്കുമാവു കുഴയ്ക്കുന്ന സമയത്ത് അമ്മ ഒന്നുസഹായിച്ചിരുന്നു. അപ്പോഴെങ്ങാനും....

പിഞ്ചു കുഞ്ഞുങ്ങളുടെ നിഷ്കളങ്ക പുഞ്ചിരി സദാ കാത്തു സൂക്ഷിക്കുന്ന ആ വന്ദ്യ വയോധികയുടെ മുറിയിലേക്ക് ഡോക്ടർ പ്രവേശിച്ചു.

പ്രതീക്ഷിച്ച പോലെ തന്നെ അമ്മ നല്ല ഉറക്കത്തിൽ.

പക്ഷെ പുഞ്ചിരി ഉറങ്ങിയിട്ടില്ല. ആ മുറിയിലെ നിശാ വെളിച്ചത്തെ പോലും നിഷ്പ്രഭമാക്കി കൊണ്ട് അത് ആ മേശപ്പുറത്ത് ഇരുന്ന് മുല്ലപ്പൂക്കൾ പൊഴിക്കുന്നുണ്ടായിരുന്നു.

മേശപ്പുറത്ത് എന്നു പറയുമ്പോൾ, മേശപ്പുറത്തെ ചില്ലുഗ്ലാസ്സിനുള്ളിൽ ആണ് സദാ പുഞ്ചിരി പൊഴിക്കുന്ന ആ പല്ലു സെറ്റുകളുടെ രാത്രി വിശ്രമം. നല്ലപോലെ ബ്രഷ് ചെയ്ത് വായിലിരിക്കുന്നതു പോലെ തന്നെ ഗ്ലാസ്സിൽ ക്രമീകരിച്ചു വെച്ചിട്ടു മാത്രമേ അമ്മ ഉറങ്ങാറുള്ളു. അതുകൊണ്ടാണ് രാത്രി പോലും ആ ചിരിക്ക് മായാതെ മേശപ്പുറത്തിരിക്കുവാൻ കഴിയുന്നത്.

കൈയിലിരുന്ന ടോർച്ചടിച്ച് ഡോ ലീന ആ പല്ലു സെറ്റുകളെ സസൂക്ഷ്മം നിരീക്ഷിച്ചു.

ഇല്ല. ഒരൊറ്റ പല്ലു പോലും അതിൽ നിന്നു നഷ്ടപ്പെട്ടിട്ടില്ല. ശെ,.. വെറുതെ അമ്മയെ സംശയിച്ചു.

വേലക്കാരി ജാനു അതാണ് രണ്ടാമത്തെ സസ്പെക്ട്.

നാളെ എട്ടു മണിക്ക് അവൾ എത്തിയാലേ ഇനി ഇപ്പോ അന്വേഷണം മുമ്പോട്ടു പോകുള്ളു.

"ഹുറേ വീ ഡിഡ് ഇറ്റ്."

സ്വീകരണ മുറിയിൽ നിന്നു വന്ന ബഹളം ഡോക്ടർക്ക് തെല്ലാന്നുമല്ല ആശ്വാസം തന്നത്.

ഇന്ത്യ ജയിച്ചിട്ടുണ്ട്. ഇനി കണവൻ സമാധാനമായി സമാധിയായിക്കോളും.

അടുക്കളയ്ക്ക് സംരക്ഷണം അവസാനിപ്പിക്കാം.

അവർ ബെഡ് റൂമിലേക്കു നടന്നു.

അടുത്ത ദിവസം ആ വീട്ടിൽ അന്വേഷണങ്ങളുടെ തിരക്കായിരുന്നു. നവതിയുടെ നിറവിൽ പുത്തുലഞ്ഞു നിൽക്കുന്ന അമ്മയെ അന്വേഷിച്ചെത്തിയ അസംഖ്യം ഫോൺ കോളുകൾ.

തന്റെ പ്രിയപ്പെട്ട പൈനാപ്പിളുകൾ അനശ്വരമാക്കിയ ജന്മദിന കേക്ക് അന്വേഷിച്ചെത്തിയ സണ്ണിഅമ്മാവൻ.

തിരക്കിനിടയ്ക്കും വേലക്കാരി ജാനുവിനോട് ദന്ത ക്ഷേമാന്വേഷണം നടത്തുന്ന ഡോ ലീന.

ഇതിനിടയ്ക്കും മാത്യൂ വക്കീലിന്റെ അന്വേഷണം ജനശ്രദ്ധയാകർഷിച്ചു. രാവിലെ ആറര മണിക്ക് ബാത് റൂമിൽ നിന്നും തുടങ്ങിയ അന്വേഷണമാണ്. അതിനെ തുടർന്ന് ഒരു ഫോൺ കോൾ. വീണ്ടും പൂർവ്വാധികം ശക്തിയോടെയുള്ള അന്വേഷണം. എന്തോ പോയ അണ്ണാനെ പോലെ അയാൾ ആ വീടു മുഴുവൻ പാഞ്ഞു നടന്നു. ബാത് റൂം, ലിവിങ്ങ് റൂം, സ്റ്റഡി ഇതെല്ലാം പലയാവർത്തി അരിച്ചുപെറുക്കി അയാൾ വീണ്ടും ബെഡ് റൂമിൽ എത്തി.

ബെഡ് കവറും, തലയണയും എല്ലാം മാറി മാറി നിലത്തിട്ട് വീണ്ടും വീണ്ടും കുടഞ്ഞു പരിശോധിച്ചു. അവസാനം ബാത് റൂമിൽ ക്ലോസറ്റിന്റെ സൈഡിൽ കുത്തിയിരുന്ന് അതിലേക്ക് സൂക്ഷിച്ചു നോക്കുന്ന നിലയിൽ ഭർത്താവിനെ കണ്ടപ്പോഴാണ് കാര്യങ്ങൾ അത്ര പന്തിയല്ല എന്നു ഡോ ലീനയ്ക്ക് മനസ്സിലായത്

അവർ പരിഭവിച്ചു.

"അല്ല വക്കീലേ ഇതെന്തു ഭാവിച്ചാ? പത്തു മണിക്ക് കേക്കു മുറിക്കാനുള്ളതാണ്. നിങ്ങൾ ഇവിടെ എന്താ തിരഞ്ഞോണ്ടിരിക്കുന്നത്"

"എന്താണെങ്കിലും നീ കണ്ടുപിടിച്ചു തരുമോ"

വക്കീല് കലിപ്പിലാണ്. ലീന ഡോക്ടർ അടവു മാറ്റി.

"ദേഷ്യപ്പെടാതെ ഡിയർ. എന്താണെന്നു പറ. അന്തോണീസ് പുണ്യാളനെ വിളിച്ച് ഞാൻ കണ്ടുപിടിച്ചു തന്നിരിക്കും"

"എടീ അതു പിന്നെ. രാവിലെ പല്ലു തേക്കാൻ നേരത്ത് നോക്കിയപ്പോ.."

"നോക്കിയപ്പോ"

"എന്റെ ഒരു പല്ലു കാണാനില്ല. വലതു വശത്തെ ആ അണപ്പല്ല്. ആറേഴു വർഷം മുമ്പ് റൂട്ട് കനാൽ ചെയ്ത് ക്യാപ്പ് ഇട്ട ആ പല്ലില്ലേ. അത്."

ചിരിക്കണോ കരയണോ എന്നു തീരുമാനിക്കാൻ പറ്റാത്ത സന്ദിഗ്ദ്ധാവസ്ഥയിൽ ലീന ഡോക്ടർ കുറച്ചു നേരം വാ പൊളിച്ചു നിന്നു പോയി. അണപ്പല്ല് കേക്കിൽ കയറി അപ്സൈഡ് ഡൗൺ ആയി പ്രത്യക്ഷപ്പെട്ട രഹസ്യത്തിന്റെ അനാവരണം അത്രയ്ക്ക് അവിശ്വസനീയമായിരുന്നു!!..... അപ്രതീക്ഷിതമായിരുന്നു!!

വേലക്കാരി ജാനുവിന്റെ പിൻമോണ ഭാഗത്ത് കാണും എന്നു താനുറപ്പിച്ച വിടവുമായി ഒത്തുനോക്കാനായി, അടുക്കള ഷെൽഫിന്റെ മുലയ്ക്ക് ഭദ്രമായി പൊതിഞ്ഞു വെച്ച ആ പല്ലും കഷണത്തിലേക്ക്, ലീന ഡോക്ടറുടെ മനസ്സ് പറന്നു.

മാത്യൂ വക്കീൽ തുടർന്നു

"സീന ഡെന്റിസ്റ്റിനെ ഞാൻ വിളിച്ചാരുന്നു. ക്യാപ്പ് ഇളകി പോയതായിരിക്കും.. അതുമായിട്ടു ചെന്നാൽ വീണ്ടും ഒട്ടിക്കാൻ പറ്റുമോ എന്നു നോക്കാമെന്ന്. ഇല്ലെങ്കിൽ ആ സ്റ്റംപിന്നു വീണ്ടും ബിൽഡ് അപ്പ് ചെയ്യാൻ പ്രയാസമായിരിക്കുമെന്ന്. എങ്ങനെയും അതു കണ്ടുപിടിക്കണം.

കട്ടിലും, കിടക്കേം എല്ലാം അരിച്ചു പെറുക്കി. നോ ഫലം. ഞാൻ ആലോചിച്ചിട്ട് ഇനി ഒരു സാധ്യതയേ ഉള്ളു. ഉറക്കത്തിൽ വിഴുങ്ങിപ്പോയതായിരിക്കണം.

അപ്പോ പിന്നെ ഇതു മാത്രമാണ് ഒരു പ്രതീക്ഷ "ക്ലോസറ്റിലേക്ക് കൈ ചൂണ്ടി മാത്യൂ വക്കീൽ പറഞ്ഞു.

"എന്തിനാടീ നിന്നു കിളിക്കുന്നേ"

ചിരി അമർത്താൻ പാടുപെടുന്ന ഭാര്യയുടെ നേരെ മാത്യൂ വക്കീൽ ചീറി.

ഒരു ചെറു മന്ദഹാസത്തോടെ ലീന ഡോക്ടർ പറഞ്ഞു

"എന്റെ പൊന്നു ഹസ്ബൻഡേ. ഇതൊക്കെ ഞങ്ങൾ ഭാര്യമാർ വിചാരിച്ചാൽ നിഷ്പ്രയാസം പരിഹരിക്കാവുന്നതേ ഉള്ളു. സാധനം ഞാൻ എടുത്തു തരാം. പകരം പക്ഷെ എനിക്കും ഒരു കാര്യം വേണം."

"മൊതലെടുക്കുവാണല്ലേ ലീനേ. ശരി.....നീ പറഞ്ഞോടീ ഭാര്യേ. ആ പല്ലും കഷണത്തിനു വേണ്ടി ഞാൻ നിനക്ക് എന്താണു ചെയ്തു തരേണ്ടത്"

"സിംപിൾ. ആ ലിവിങ്ങ് റൂമിൽ ടി വി ക്കു മുമ്പിൽ തപസ്സിരിക്കുമ്പോൾ കാലു ടീപ്പോയിയിൽ കയറ്റി വക്കരുത്. എന്റെ കുഷ്യനുകൾ എടുത്തെറിയരുത്."

"ഒ.കെ സമ്മതിച്ചു."

"എന്നാ ദാ പിടിച്ചോ സാധനം."

ഷെൽഫിന്റെ മുലയ്ക്ക് പൊതിഞ്ഞു വച്ചിരുന്ന ആ അണപ്പല്ല് ക്യാപ്പ് ഭാര്യ ഭർത്താവിനു കൈമാറി.

"എന്നാലും ഇതെവിടുന്നു കിട്ടിയടീ. ജസ്റ്റ് ഒരു അക്കാഡമിക് ഇന്ററസ്റ്റ്"

"'ഫ്രം എ വെരി ഇന്ററെസ്റ്റിങ്ങ് പ്ലേസ് ഡിയർ! വെരി ഇന്ററെസ്റ്റിങ്ങ് തൽക്കാലം അത്രേം അറിഞ്ഞാ മതി."

തണൽ



Dr Naeza Ashraf
Medical Superintendent,
ESI Hospital, Peroorkada

ഒരൊറ്റ പ്രളയത്തിന്റെ കെടുതിയിൽ
ഒരൊറ്റ ഉരുൾപൊട്ടലിൻ ഭീതിയിൽ
ചിന്നിച്ചിതറിയാവേശങ്ങളെല്ലാം
പൊട്ടിത്തകർന്നു ജീവിതനൗക.

താളം തെറ്റിയൊരാരവങ്ങളും
ഗതിമാറിയ മതവികാരങ്ങളും
തമ്മിൽ തല്ലിയ രാഷ്ട്രീയ പകയും
പാടേമറന്നാരാ ഭീകരനാളുകൾ.

അടിത്തറപാകിയ സ്വപ്നങ്ങളും
പടുത്തുയർത്തിയ മട്ടുപാവുകളും
കതിയില മണ്ണോങ്കൂട്ട കഥപോൽ
മരണപാച്ചിലിൽ ഒലിച്ചു പോയി.

മോഹങ്ങളതിമോഹങ്ങളായ്
ചിറകു വിടർത്തി പറന്നീടുമ്പോൾ
അതിന്നൊരരികിൽ നിശ്ശബ്ദയായ്
നിസ്സഹായതയിൽ സ്വയമുരുകി.

ജീവിതം വെറുമൊരു നീർക്കുമിള
പൊട്ടിച്ചിതറാൻ നിമിഷങ്ങൾ മാത്രം.
വെറുപ്പും വിദ്വേഷവുമടർത്തി മാറ്റി
ഫലമോർത്തിടാതെ തണലേകിടാം.





Dr Sangeetha Rajagopal
Consultant Ophthalmologist
Comtrust Hospital, Calicut

കബിനി

ഒരു ഡിസംബർ അവധിക്കാലത്തു ഏട്ടനും അനിയനും കുടുംബവുമായി കരയും കടലും താണ്ടി നാട്ടിൽ വന്നെത്തി.അച്ഛനമ്മമാരൊത്തു ഒരു ഉല്ലാസയാത്രയ്ക്ക് പോകാമെന്ന് ഏകകണ്ഠമായി മൂവർ സംഘം തീരുമാനിച്ചു.

പ്രകൃതിരമണീയമായ കബിനിക്ക് വെച്ച് തന്നെ പിടിച്ചു.

കുട്ടികൾക്ക് മൃഗങ്ങൾ ഒരു കൗതുകം ആണല്ലോ... മുതിർന്നവർക്ക് ഒരു ഹരവും.

അങ്ങനെ കബിനിയിൽ ഞങ്ങൾ ആവേശത്തോടെ എത്തിപ്പെട്ടു. റിസോർട്ടിലെ വർണ്ണശബളമായ തീൻമേശ ഞങ്ങളെ വരവേറ്റു. അതിന്റൊപ്പം ജംഗിൾ സവാരിയെന്ന ഉദ്യമവും...

അന്നു രാത്രി ഇര വിഴുങ്ങിയ പെരുമ്പാമ്പിനെ പോലെ സുഭിക്ഷമായി ഭോജിച്ച് അനങ്ങാപ്പാറയായി. പിന്നീട് പളളിയുറക്കവുമായി.

ഉല്ലാസയാത്രകൾ പലപ്പോഴും ഉല്ലാസം തീണ്ടാത്ത യാത്രകൾ ആവാറുണ്ട്.കാരണം നിദ്രയുടെ ആർദ്രമായ കരങ്ങളിൽ നുറുങ്ങപ്പെടാൻ ഭാഗ്യം ലഭിക്കാറില്ല.ഉല്ലാസയാത്രകളിൽ പറ്റാവുന്നത്ര സ്ഥലം കവർ ചെയ്യണമെന്നതു കൊണ്ട് ബ്രഹ്മമുഹൂർത്തത്തിൽ തന്നെ ശിരസ്സുയരണമല്ലോ? മൃഗങ്ങൾ അത്യാവശ്യം കൃത്യനിഷ്ഠരുമായിരിക്കുമല്ലോ!

അതിരാവിലെ എന്റെ കന്നി ജംഗിൾ സഫാരിക്ക് വേണ്ടി ഞാൻ ഉണർന്നു. ഞങ്ങളെല്ലാവരും, കുട്ടിക്കളടക്കം. കേരളത്തിൽ ജീവിക്കുന്ന നമ്മുക്ക് കാലാവസ്ഥയ്ക്ക് അനുയോജ്യമായ വസ്ത്രം ധരിക്കുക എന്നുള്ളത് അപൂർവ്വസത്യമാണ്. ശീതം ഉഷ്ണത്തെക്കാളും പ്രിയങ്കരമായതുകൊണ്ടു തന്നെ കമ്പിളിക്കുപ്പായങ്ങളൊന്നും കൈയിൽ കരുതിയതുമില്ല. അങ്ങനെ പുലർച്ചെ ചൂടുകാപ്പിയും അകത്താക്കി, ജാലകങ്ങളും മേൽക്കൂരയുമില്ലാത്ത ഒരു പച്ച ജാംബവാൻ ജീപ്പിൽ ഞങ്ങളെല്ലാവരും കേറി പ്പറ്റി.

സവാരിഗിരിഗിരി തുടങ്ങി...

കോച്ചുന്ന തണുപ്പിൽ കൈകാലുകൾ വിറങ്ങലിച്ച് ഒരു ഐസ്കട്ട പോലെ ആയി.കാട്ടിനുള്ളിൽ ഓരോ ജീപ്പിനും വെവ്വേറെ റൂട്ടുകളുണ്ട് പോകാൻ.കാണാമറയത്താളം ടയർ അടയാളങ്ങളിൽ ഒരൊറ്റ പുല്ലു പോലും മുളച്ചിട്ടില്ല.

പുള്ളിമാനുകളെ ചിത്രങ്ങളിലും മറ്റും കണ്ട ഞങ്ങൾ ഇടതും വലതും തടിമാടൻമാരായ പുള്ളികളില്ലാത്ത "സാമ്പാർ" മാനുകളെ കണ്ടാസ്വദിച്ചു.ജീപ്പിന്റെ അരോചകമായ മുരൾച്ചയിൽ അവ നെട്ടോട്ടം ഓടുകയാണ്.

കുട്ടികളിൽ കൗതുകം തുളുമ്പി.

കുറേ നേരം "സാമ്പാർ" മാനുകളെ തന്നെ കണ്ട് നിർവൃതിയണഞ്ഞ ഞങ്ങൾ മുതിർന്നവർ "സാമ്പാർ സാമ്പാർ" എന്നു ആഞ്ഞുവിളിച്ചപ്പോൾ

കുട്ടികൾ പിന്നീട് 'സാമ്പാറും രസവും' ഒന്നും വേണ്ട. മതി! കുട്ടികൾക്ക് ബോറടിച്ചു തുടങ്ങിയിരുന്നു. പുലിയാണല്ലോ ഏവരുടെയും മനസ്സിലെ താരം.

സമയം പോയതറിഞ്ഞില്ല. കബിനിനദിയുടെ തീരത്തുകൂടി സഞ്ചരിച്ചപ്പോൾ ഒരു ആനകൂട്ടം, അതിൽ കുട്ടിയാനയുമുണ്ട്. നദിയിൽ നിന്നും വെള്ളം കുടിച്ച് കാട്ടിനുള്ളിലേക്ക് കുടുംബസമേതം മടങ്ങുകയായിരുന്നു. കുട്ടിയാനയെ വലയം വെച്ച് അമ്മ ആന അതിനെ നയിച്ചു. ഡ്രൈവർ ഞങ്ങളോട് നിശബ്ദരാവാൻ പറഞ്ഞു. ആനക്കൂട്ടം ദൂരെ നിന്ന് ഞങ്ങൾക്ക്

നേരെ ഒരു നോട്ടമെറിഞ്ഞു നടന്നു നീങ്ങി. ഞങ്ങളുടെയുള്ളിൽ ഒരു കനൽ എരിഞ്ഞു.

സഫാരി വീണ്ടും റൂട്ട് മാറ്റിപ്പിടിച്ചു.ഇതിനിടയിൽ ഒരു ആശ്വാസനാദം പോലെ ലംഘൂർ കുരങ്ങൻമാരുടെ പതനിസ്വനം വന്നെത്തി. പെട്ടെന്ന് ഡ്രൈവർ വണ്ടി ബ്രേക്കിട്ടു. ഞങ്ങളോടൊക്കെ 'ശൂ ശൂ' ആംഗ്യം കാണിച്ച് മിണ്ടാതിരിക്കാൻ സൂചിപ്പിച്ചു.

അയാൾ തുടർന്നു "ഇറ്റ് ഈസ് അലാറം കോൾ. ടൈഗർ സംവെർ ഹിയർ"

ഞങ്ങൾ ചുറ്റും നോക്കി. സാമ്പാർ മാനുകൾ ഓടാതെ ചെവികൾ കൂർപ്പിച്ചു പ്രതിമപോലെ പകച്ചു നിൽക്കുന്നു. ഞങ്ങളും. കാട് മൊത്തം നിശ്ചലമായതു പോലെ. ചെറിയൊരു തീ മനസ്സിൽപ്പാറി.

പത്തു പതിനഞ്ചു മിനിറ്റ് കാടിന്റെ ചുരുളഴിയാത്ത വിദൂരതയിലേക്ക് ഞങ്ങളെല്ലാവരും കണ്ണും നട്ടിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ഡ്രൈവർ "ഇറ്റ്സ് ഗോൺ. ലെറ്റ്സ് ഗൊ"

ജീപ്പിലുള്ള കുതിപ്പ് വീണ്ടും തുടർന്നു. അലാറം കോൾ – നിശബ്ദത – കാതുകൂർപ്പിക്കൽ – കണ്ണും നട്ടിരിക്കൽ – നിശ്ചലത – വീണ്ടും കുതിപ്പ് തുടർന്നുകൊണ്ടെയിരുന്നു മണിക്കൂറോളം. ഡ്രൈവറുടെ പുരുപുരുത്തൻ നമ്പറുകളാണോ ഇവയൊക്കെ എന്നുപോലും സംശയം തോന്നാതിരുന്നില്ല.

കുറച്ചു കഴിഞ്ഞപ്പോൾ കുട്ടികൾ 'പുലിയെവിടെ?" ഡ്രൈവർ വിശദീകരിച്ചു "വിന്റർ സീസൺ നൊ? ദെ വോന്റ് കം ഔട്ട്. സമ്മർ സീസൺ ദെ കം ഔട്ട് ഫോർ ഡ്രിങ്കിംഗ് വാട്ടർ. യു ഓൾ കം ഇൻ സമ്മർ നെക്സ്റ്റ് ടൈം."

ഞങ്ങൾടെ പൈസ പൊട്ടി എന്ന് നൈസായി അവതരിപ്പിച്ചു. ക്രൂരൻ!

അങ്ങനെ പരാജയമേറ്റു വാങ്ങിക്കൊണ്ട് ഞങ്ങൾ റിസോർട്ടിലേക്ക് തിരിച്ചെത്തി. തീൻമേശ ചതിച്ചില്ല. ഡിന്നർ സമയത്ത് മറ്റു റൂട്ടുകളിലൂടെ പോയവർ ബ്ലാക്ക് പാന്തർനെ വരെ കണ്ടതിന്റെ സന്തോഷം ഫോട്ടോകളിലൂടെ പങ്കിട്ടപ്പോൾ അസൂയ എന്റെറ കണ്ണുകളിൽ ജ്വലിച്ചു.

"എല്ലാത്തിനും അതിന്റെതായ സമയമുണ്ട് ദാസാ....." എന്ന് മലയാളികളെ പഠിപ്പിച്ച വിജയനെയോർത്ത് പിറ്റേ ദിവസവും കളരിയിലേക്കിറങ്ങി. തലേദിവസത്തെ ചിട്ട തന്നെ ആവർത്തിച്ചു. പ്രതീക്ഷ, തുറന്നിട്ട പൈപ്പുവെള്ളം പോലെ ഒലിച്ചിറങ്ങിപോയ്ക്കൊണ്ടെയിരുന്നു.

ഇടതും വലതും മുന്നോട്ടുമുള്ള തിരനോട്ടം സാവധാനം താഴോട്ടായി. ഉടൻ തന്നെ പോകുന്നവഴിയിൽ ടയറിനരികിൽ വലിയ കാൽപ്പാടുകൾ ശ്രദ്ധിക്കപ്പെട്ടു. ഇതവന്റെ തന്നെ എന്നുറപ്പിച്ചു. ഞങ്ങൾ ആർത്തു വിളിച്ചു "പുലി, പുലി" ഞങ്ങളെല്ലാവരും ചുറ്റും കണ്ണോടിച്ചു.

ഡ്രൈവർ "യെസ് ടൈഗർ മാർക്സ്" ഇറ്റ് വാക്ക്ഡ് ദിസ് റോഡ് എർലി മോർണിംഗ്, ഷുവർ"

അവിടെത്തന്നെ കുറേ നേരം പുലിയെ ഒരു നോക്ക് കാണാൻ വേണ്ടി ഞങ്ങളെല്ലാവരും കുറ്റിയടിച്ചിരുന്നു. ഇതിനിടയിൽ പലതരം പക്ഷികൾ തങ്ങളുടെ കളകൂജനത്താൽ ഞങ്ങളെ ആശ്വസിപ്പിച്ചു. പുലി പോയിട്ട് പുലിയുടെ രോമം പോലും എങ്ങുമില്ല.

അങ്ങനെ വിഷണ്ണരായി വന്ന വഴി മറക്കാതെ തിരിച്ചു റിസോർട്ടിലേക്ക് ചുവട് പിടിച്ചു. തീൻമേശ വീണ്ടും കൈവെടിഞ്ഞില്ല. മതിയാവോളം അവനവനെ സന്തോഷിപ്പിച്ച് ഭാണ്ഡകെട്ടുമെടുത്ത് സ്വദേശത്തേക്ക് ചവുട്ടി പിടിച്ചു.

വഴിയിൽ കൂറ്റൻ കാട്ടുപോത്തുകളുടെ രസകരമായ ദൃശ്യം, വിരുന്നിൽ പങ്കെടുത്തതിന് പ്രോത്സാഹനസമ്മാനം പോലെ നെഞ്ചിലേറ്റി താലോലിച്ച് ഞങ്ങൾ മടങ്ങി.

അങ്ങ് ദൂരെ കാട്ടിനുള്ളിൽ ചെടികളുടെ മറവിൽ ഒളിച്ചു നിന്ന് പുറത്തേക്ക് ഉറ്റുനോക്കികൊണ്ടു ലവൻ "കാടും മലയും വെട്ടിനിരത്തി ഫ്ളാറ്റും വില്ലയും റിസോർട്ടും ഉണ്ടാക്കി ഞങ്ങളെയൊക്കെ ഓടിച്ചതും പോരാ, കെട്ടും മുട്ടുമെടുത്ത് പൈസയും മുടക്കി എന്നെ കാണാൻ വന്നിരിക്കുന്നു, ഛെ! വഷളൻമാർ"

ലവൻ പുലിയാണ് കെട്ടാ.....

ഇന്ന് ജൂലായ് 29, അന്താരാഷ്ട്ര പുലിദിനം.



Dr Devi Karthya
First Year
Junior Resident,
RIO, Trivandrum


ഒരു ഹെർപീസ് സോസ്റ്റർ വീരഗാഥ

പ്രതിധ്വനിക്കുന്നിതു കാഹളങ്ങൾ
ഭൂതകാലത്തിൻ തിരനോട്ടമായ്,
പടയൊരുക്കത്തിന്റെ ഓർമകളിൽ
പിഴപറ്റി പോയെന്ന പെയ്കിനാക്കൾ
മാനുഷഗേഹത്തിനുള്ളിലക്ഷൗണികൾ
രക്തക്കുഴലിൽ രണാങ്കണങ്ങൾ.

വൈരിയെന്നെല്ലാം തകർത്തുമുന്നേറവേ
ഉരുവിടാൻ ശാപവാക്കുമാത്രം!
അഭയമർഥിക്കാൻ ആരാരുമില്ലാതെ
അശ്വത്ഥമാക്കളായലഞ്ഞും,
രിപുവിനുള്ളിലെ നിഗൂഢതയിൽ
ആത്മരക്ഷാർത്ഥമായ് പലായനവും.

ജ്ഞാനമെന്തെന്നു തിരയുന്ന വേരുകൾ
ഉലകെന്തെന്നപഗ്രധിക്കും വ്യൂഹങ്ങൾ
ഐച്ഛികമനൈച്ഛികമെല്ലാം നിയന്ത്രിക്കും
ദശലക്ഷമൊഴുകും ന്യൂറോണുകൾ
ആത്മബോധാർഥികളായണഞ്ഞവർക്കു
പരിവർത്തനത്തിനായ് പുഷ്ടനാഡിമൂലം

വാല്മീകങ്ങൾ, അവയിൽ, കൂടിയേറി
അവനവനാരെന്നുകണ്ടെത്തുവാൻ
ബാഹ്യജ്ഞാനം പകർന്നീടുന്ന തന്തുക്കൾ
ആത്മജ്ഞാനവും അരുളുന്നുവോ?
ഒന്നോർക്കിലീ ജീവിതനടനവും
വിധിവൈപരീത്യത്തിൻ സൃഷ്ടി തന്നെ!



അലക്ഷ്യമായൊരു യൗവ്വനംപിന്നിട്ടു
പക്വതയും മനം കൈവരിച്ചു.
പരാജയങ്ങളാകുന്നു പരമ ഗുരു,
തോൽവിനൽകീടുന്നു പുനർജന്മവും!
ഉചിതനേരം പാർത്തുകാത്തിരുന്നു, അവർ
ഇരകാക്കുമിരവിലെ നരിയെന്ന പോൽ

മാനവസ്ഥിതിഭേദങ്ങളെങ്ങനെ
മനനം ചെയ്തവർ? അത്യത്ഭുതം!
അജ്ഞാതവാസത്തിനിനിവിരാമം, ഗതകാല
അനുഭവജ്ഞാനമതു സർവശ്രേഷ്ഠം.
പുതിയ പടച്ചട്ടകൾ, ശസ്ത്രങ്ങൾ, കായ
ബലത്തിനായ് പുത്രകാമേഷ്ഠികൾ.


പഴയപോരിൽ പതിഞ്ഞ മുറിപ്പാടുകൾ
ഇന്നീ സമർത്ഥർക്കലങ്കാരങ്ങൾ.
തെറ്റുകളാവർത്തിക്കില്ലിനി നിശ്ചയം
ലക്ഷ്യമതു സായകാഗ്രം സുവ്യക്തം.
പ്രതികാരനാളം ഉള്ളിലണയാതൊട്ടു
